www.societytodaynews.com

2024 OCTOBER
24
THURSDAY

സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# ദാന ചുഴലിക്കാറ്റ്: 10 ലക്ഷം പേരെ ഒഴിപ്പിക്കാൻ ലക്ഷ്യമിട്ട് ഒഡിഷ

## 3 ജില്ലകളിൽ രൂക്ഷമാകും

**ഭുവനേശ്വർ:** ദാന ചുഴലിക്കാറ്റിനെ നേരിടാൻ 10 ലക്ഷം പേരെയാണ് ഒഴിപ്പിക്കാൻ ഉദ്ദേശിച്ചതെന്നും ഇതിൽ 30 ശതമാനത്തിലധികം പേരെയും ബുധനാഴ്ച വൈകിട്ടോടെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിയെന്നും ഒഡിഷ മുഖ്യമന്ത്രി മോഹൻ ചരൺ മാജി പറഞ്ഞു. സംസ്ഥാന ജനസംഖ്യയുടെ പകുതിയോളം പേരെ ചുഴലിക്കാറ്റ് ബാധിക്കുമെന്നാണ് ആശങ്ക. വെള്ളിയാഴ്ച രാവിലെയോടെ ചുഴലിക്കാറ്റ് ഒഡീഷ തീരം കടന്നേക്കും. സർക്കാർ സജ്ജീകരണങ്ങൾ മുഖ്യമന്ത്രി അവലോകനം ചെയ്തു.



“3 ജില്ലകളെ കൊടുങ്കാറ്റ് രൂക്ഷമായി ബാധിക്കും. അപകട മേഖലകളിൽനിന്ന് ആളുകളെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ തുടരുകയാണ്. ഇതുവരെ, ലക്ഷ്യമിട്ടിരുന്ന 10 ലക്ഷം പേരിൽ 30 ശതമാനം പേരെയും ഒഴിപ്പിച്ചു.

ബാക്കിയുള്ളവരെ വ്യാഴാഴ്ച രാവിലെ 11 മണിയോടെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റും. ചുഴലിക്കാറ്റ് ബാധിക്കാൻ സാധ്യതയുള്ള തീരപ്രദേശങ്ങളിലാണ് ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്” മുഖ്യമന്ത്രി പറഞ്ഞു. ക്യാംപുകളിലേക്കു മാറ്റിയവർക്കെല്ലാം ഭക്ഷണം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നൽകുന്നുണ്ട്. അഭയകേന്ദ്രങ്ങളിൽ മറ്റെല്ലാ സജ്ജീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടെന്നും സർക്കാർ വ്യക്തമാക്കി.

ചുഴലിക്കാറ്റിനെ തുടർന്നുണ്ടാകുന്ന സാഹചര്യം നേരിടാൻ സർക്കാർ പൂർണ സജ്ജമാണെന്നും ജനങ്ങൾ സുരക്ഷിതരായിരിക്കണമെന്നും പരിഭ്രാന്തരാകരുതെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു. വിവിധ ജില്ലകളിൽ മന്ത്രിമാരെയും പരിചയസമ്പന്നരായ ഉദ്യോഗസ്ഥരെയും നിയോഗിച്ചു. ഭദ്രക്, ബാലസോർ, ജഗത്സിംഗ്പുർ, കട്ടക്ക്, പുരി തുടങ്ങിയ ജില്ലകളെയാണ് ചുഴലിക്കാറ്റ് ഏറ്റവും കൂടുതൽ ബാധിക്കുക. ചുഴലിക്കാറ്റിന്റെ ഗതി മാറിയാൽ മറ്റു ജില്ലകളെയും ബാധിക്കാൻ സാധ്യതയുണ്ട്. ആ സാഹചര്യം നേരിടാനും സർക്കാർ സജ്ജമാണെന്നും മാജി വ്യക്തമാക്കി.



## സമാധാനത്തിനു കൈകോർക്കും; മോദി, ഷി ജിൻപിങ് കൂടിക്കാഴ്ചയിൽ നിർണായക നീക്കം

**കസാൻ:** പക്വതയും പരസ്പര ബഹുമാനവും പ്രകടിപ്പിക്കുന്നതിലൂടെ സമാധാനപരവും സുസ്ഥിരവുമായ ബന്ധം പുലർത്താമെന്ന് ഇന്ത്യ, ചൈന ധാരണ. അഞ്ചു വർഷത്തെ ഇടവേളയ്ക്കു ശേഷം പ്രധാനമന്ത്രി നരേന്ദ്ര മോദിയും ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങും നടത്തിയ കൂടിക്കാഴ്ചയിലാണ് കിഴക്കൻ ലഡാഖിലെ അതിർത്തി പ്രശ്നത്തിലുണ്ടായ സമവായം അംഗീകരിച്ച് മുന്നോട്ടുപോകാൻ തീരുമാനം. ഭിന്നതകളും തർക്കങ്ങളും ശരിയായി കൈകാര്യം ചെയ്യണമെന്നും ശാന്തിയും സമാധാനവും തകർക്കുന്നതിലേക്ക് എത്തിക്കരുതെന്നും കൂടിക്കാഴ്ചയിൽ പ്രധാനമന്ത്രി വ്യക്തമാക്കി.

ഭിന്നതകളും വിയോജിപ്പുകളും ശരിയായി കൈകാര്യം ചെയ്യേണ്ടതുണ്ടെന്നു ഷിയും പറഞ്ഞു. വികസ്വര രാജ്യങ്ങളുടെ ഐക്യം ശക്തിപ്പെടുത്തുന്നതിന് മാതൃകയാകുന്ന തരത്തിൽ അന്താരാഷ്ട്ര രംഗത്തുള്ള ഉത്തരവാദിത്വം ഇരുരാജ്യങ്ങളും പുലർത്തേണ്ടതുണ്ടെന്നും ഷി പ്രതികരിച്ചു. ഇരു ജനതകളും തമ്മിലുള്ള സാംസ്കാരിക ബന്ധത്തെക്കുറിച്ചും ചൈനീസ് പ്രസിഡന്റ് ഓർമിപ്പിച്ചു.

യഥാർഥ നിയന്ത്രണ രേഖയിൽ (എൽഎസി) കിഴക്കൻ ലഡാഖിലെ സംഘർഷ കേന്ദ്രങ്ങളിൽ പട്രോളിങ് പുനരാരംഭിക്കാനും സൈനിക പിന്മാറ്റത്തിനും ഇരുരാദ്യങ്ങളും തീരുമാനിച്ചതിനു പിന്നാലെയായിരുന്നു റഷ്യയിൽ ബ്രിക്സ് ഉച്ചകോടിക്കിടെ രാഷ്ട്രനേതാക്കളുടെ സുപ്രധാന കൂടിക്കാഴ്ച. 2019ൽ തമിഴ്നാട്ടിലെ മഹാബലിപുരത്തു നടന്ന ഉച്ചകോടിക്കുശേഷം മോദിയും ഷിയും കൂടിക്കാഴ്ച നടത്തിയിരുന്നില്ല. 2020ലെ ഗാൽവൻ താഴ്‌വര ഏറ്റുമുട്ടലിൽ ഉഭയകക്ഷി ബന്ധം വഷളായതിനെത്തുടർന്ന് ഇരുവരും നേരിട്ടുള്ള ചർച്ചകൾ ഒഴിവാക്കിയിരുന്നു.

## വൈദ്യുതി നിരക്ക് വർധിപ്പിക്കാൻ റെഗുലേറ്ററി കമ്മിഷൻ

**തിരുവനന്തപുരം:** സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർധിപ്പിക്കാനുറച്ച് റഗുലേറ്ററി കമ്മിഷൻ. നവംബർ ഒന്നു മുതൽ നിരക്ക് വർധന പ്രാബല്യത്തിൽ വരുത്താനാണ് കമ്മിഷന്റെ നീക്കം. എന്നാൽ ഉപതിരഞ്ഞെടുപ്പുകൾ നവംബർ 13ന് നടക്കാനിരിക്കെ വൈദ്യുതി നിരക്ക് വർധിപ്പിക്കുന്നത് തിരിച്ചടിയാകുമെന്ന ആശങ്കയിലാണ് സർക്കാർ. പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ ഉപതിരഞ്ഞെടുപ്പിനു ശേഷം നിരക്കു വർധിപ്പിക്കാമെന്ന നിലപാടിലാണ് സർക്കാർ.

202425 വർഷത്തെ പുതുക്കിയ വൈദ്യുതി നിരക്ക് ഈ മാസം അവസാനം പ്രഖ്യാപിക്കാനാണ് റഗുലേറ്ററി കമ്മിഷൻ തയാറെടുക്കുന്നത്. കെഎസ്ഇബി നിരക്കു വർധന ശുപാർശ ചെയ്തതിനു ശേഷം വിവിധ ജില്ലകളിൽ പൊതുജനാഭിപ്രായം തേടിയശേഷമാണ് കമ്മിഷൻ അന്തിമ താരിഫ് നിർണയിച്ചിരിക്കുന്നത്. ജനുവരി മുതൽ മേയ് വരെ യൂണിറ്റിന് 10 പൈസ സമ്മർ താരിഫ് ഉൾപ്പെടെയുള്ള നിരക്കു വർധനവാണ് കെഎസ്ഇബി ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ റഗുലേറ്ററി കമ്മിഷനും വൈദ്യുതി വകുപ്പിനും ഇതിനോടു യോജിപ്പില്ല.

ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ രണ്ടു തവണയാണ് വൈദ്യുതി നിരക്ക് വർധിപ്പിച്ചത്. 2022 ജൂൺ 26നും 2023 നവംബർ 1നുമാണ് നിരക്ക് വർധന നടപ്പാക്കിയത്. 040 പ്രതിമാസ ഉപയോഗമുള്ള ബിപിഎൽ വിഭാഗത്തെ വർധനവിൽ നിന്ന് ഒഴിവാക്കിയിരുന്നു. ബാക്കി യൂണിറ്റുകൾ രണ്ടു തവണയായി 10 പൈസ മുതൽ 90 പൈസ വരെ വർധിപ്പിച്ചിരുന്നു. ഇതിനു പുറമേയാണു പുതിയ നിരക്കു വർധനയ്ക്കുള്ള ശുപാർശ നടപ്പാക്കാൻ പോകുന്നത്.



# കനസ് ജാഗ കലാജാഥ ഇന്നു മുതൽ

**കൊച്ചി:** കുടുംബശ്രീ കനസ് ജാഗ (സ്വപ്ന സ്ഥലം ) ഹ്രസ്വചിത്ര പ്രദർശനമേളയുടെപ്രചാരണാർത്ഥം നടത്തുന്ന കലാജാഥയുടെ ഉദ്ഘാടനം മേനക ജംഗ്ഷനിൽ ഇന്ന് രാവിലെ 10 ന് ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് നിർവഹിക്കും.പ്രചാരണത്തോടനുബന്ധിച്ച് കുടുംബശ്രീയുടെ കമ്മ്യൂണിറ്റി തിയേറ്ററായ രംഗശ്രീയുടെ ആഭിമുഖ്യത്തിൽ ഇന്ന് മുതൽ തെരുവ് നാടകങ്ങൾ സംഘടിപ്പിക്കും.ഹൈക്കോട്ട് ജംഗ്ഷൻ, വാഞ്ചി സ്ക്വയർ എറണാകുളം സൗത്ത് ജംഗ്ഷൻ, കലൂർ സ്റ്റാന്റ്, ചങ്ങമ്പുഴ പാർക്ക്, വൈറ്റില മൊബിലിറ്റി ഹബ് എന്നീ ഇടങ്ങളിൽ നാടകം അരങ്ങേറും.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിനു കീഴിലുള്ള ജില്ലയിലെ മുളന്തുരുത്തി അഡീഷണൽ ഐസിഡിഎസ് പ്രോജക്ടിലെ തിരുവാങ്കുളം സെക്ടറിലെ മുരിങ്ങേലിപറമ്പ് സക്ഷം പദ്ധതിയിലുള്ള അങ്കണവാടി നവീകരണം ചെയ്യുന്നതിന് താത്പര്യമുള്ള ജി.എസ്.ടി രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾ/വ്യക്തികൾ നിന്നും ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി നവംബർ അഞ്ച് 3.30 വരെ. കൂടുതൽ വിവരങ്ങൾക്ക് മുളന്തുരുത്തി അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസുമായോ 04842786680, 9947864784, 9188959730 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാം.

## യുജിസി നെറ്റ് കോച്ചിംഗ്

**കൊച്ചി:** ഐ എച്ച് ആർ ഡി യുടെ കോളേജ് ഓഫ് അപ്ലൈഡ് സയൻസ് അയലൂരിൽ യു ജി സി നെറ്റ് ജനറൽ പേപ്പർ (പേപ്പർ ഒന്ന് ) കോച്ചിംഗ് ഉടൻ ആരംഭിക്കുന്നു. താത്പര്യമുള്ളവർ കോളേജ് ഓഫീസുമായി ബന്ധപ്പെടുക.ഫോൺ: 9446748043, 8547005029.

## പി.എസ്.സി പരീക്ഷാ പരിശീലനം

**കൊച്ചി:** ആലുവ സബ് ജയിൽ റോഡിൽ സ്ഥിതി ചെയ്യുന്ന സർക്കാർ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ ജില്ലകളിലുള്ള പട്ടികജാതി / പട്ടികവർഗ വിഭാഗ വിദ്യാർഥികൾക്ക് ഡിഗ്രിതല പി.എസ്.സി പരീക്ഷയ്ക്ക് സൗജന്യ പരിശീലനം നവംബർ 20ന് ആരംഭിക്കുന്നു. ഏതെങ്കിലും വിഷയത്തിൽ ബിരുദം / തത്തുല്യ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ള ഒ ബി സി/ഒ ഇ സി വിഭാഗത്തിൽപ്പെട്ടവർക്ക് 30 ശതമാനം സീറ്റ് അനുവദനീയമാണ്. പരിശീലനത്തിന് തെരഞ്ഞെടുക്കുന്ന പട്ടികജാതി / പട്ടികവർഗ വിഭാഗ വിദ്യാർത്ഥികൾക്ക് നിയമാനുസൃതമുള്ള സ്റ്റൈപ്പന്റ് ലഭിക്കും. അപേക്ഷകർ ഫോട്ടോ, ജാതി, വരുമാനം, എന്നിവയുടെ സർട്ടിഫിക്കറ്റ് സഹിതം നവംബർ 18ന് വൈകിട്ട് അഞ്ചിന് മുമ്പ് ഓഫീസിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കണം. അപേക്ഷാ ഫോറത്തിന്റെ മാതൃക ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലും, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും ലഭ്യമാണ്. ഫോൺ: 04842623304)

## ഇ ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് 202425 വാർഷിക പദ്ധതിയിലെ വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ ടെൻഡർ നടപടികളുടെ വിശദ വിവരങ്ങൾ www.lsg.kerala.gov.in, www.etenders.kerala.gov.in വെബ് സൈറ്റുകളിലും, പ്രവൃത്തി ദിവസങ്ങളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയത്തിൽ നിന്നും അറിയാം.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** മത്സ്യഫെഡ് എറണാകുളം നെറ്റ് ഫാക്ടറിയുടെ മേൽക്കൂരയിൽ പാത്തികളിലെ കേടുപാടുകൾ സംഭവിച്ച മേച്ചിൽ ഷീറ്റ് മാറ്റി പകരം പുതിയ ഷീറ്റ് സ്ഥാപിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ നവംബർ രണ്ടിന് വൈകിട്ട് മൂന്ന് വരെ എറണാകുളം മത്സ്യ ഫെഡ് നെറ്റ് ഫാക്ടറിയിൽ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫാക്ടറിയുടെ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസുമായി ബന്ധപ്പെടാം, ഫാക്ടറി മേധാവിയുടെ അനുമതിയോടു കൂടി ഫാക്ടറിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസം വരുത്താത്ത രീതിയിൽ പ്രവൃത്തി നിർവ്വഹിക്കേണ്ട ഭാഗങ്ങൾ പരിശോധിക്കാവുന്നതും ആണ്.

## ബിസിൽ ട്രെയിനിംഗ് ഡിവിഷൻ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡിവിഷൻ നവംബറിൽ ആരംഭിക്കുന്ന ഒരു വർഷം ദൈർഘ്യമുള്ള പി ജി ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ, പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ, ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

# ആലപ്പുഴ ജനറൽ ആശുപത്രിയിലെ പുതിയ ഒ പി ബ്ലോക്ക് ഉദ്ഘാടനം 27 ന്

**ആലപ്പുഴ:** ആതുരസേവന രംഗത്ത് കുതിച്ചുചാട്ടത്തിന് വഴിയൊരുക്കി ജനറൽ ആശുപത്രിയിൽ നിർമാണം പൂർത്തീകരിച്ച ഏഴു നിലയിലുള്ള പുതിയ ഒ പി ബ്ലോക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഒക്ടോബർ 27 ന് ഞായറാഴ്ച വൈകിട്ട് മൂന്ന് മണിക്ക് നാടിന് സമർപ്പിക്കും. എച്ച് സലാം എംഎൽഎ, നഗരസഭ ചെയർപെഴ്സൺ കെ കെ ജയമ്മ എന്നിവർ ഉദ്ഘാടനത്തിന് മുന്നോടിയായി അവസാനഘട്ട പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ആശുപത്രി സന്ദർശിച്ചു. ജീവിതശൈലീ രോഗവുമായെത്തുന്നവർക്ക് ഒരു സെന്ററിൽ നിന്ന് എല്ലാ പരിശോധനകളും പൂർത്തിയാക്കി മരുന്ന് ലഭ്യമാകുന്ന സംവിധാനം 360 ഡിഗ്രി മെറ്റബോളിക് സെന്റർ ആലപ്പുഴ ജില്ലയിൽ ആദ്യമായാണ് സ്ഥാപിക്കപ്പെടുന്നതെന്ന് എംഎൽഎ പറഞ്ഞു. ആലപ്പുഴ നഗരത്തിന്റെ ഹൃദയഭാഗത്ത് പ്രവർത്തിക്കുന്നതും ആരോഗ്യവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ജില്ലയിലെ ഏറ്റവും വലിയ സ്ഥാപനവുമായ ജനറൽ ആശുപത്രിയിലെ പുതിയ കെട്ടിടം അത്യാധുനിക സൗകര്യങ്ങളോടെയാണ് പ്രവർത്തനസജ്ജമായത്.

കിഫ്ബി ഫണ്ടായ 117 കോടി രൂപ ചെലവഴിച്ചാണ് അത്യാധുനിക ചികിൽസാ ഉപകരണങ്ങളടക്കം ഒരുക്കി നിർമാണം പൂർത്തീകരിച്ചത്. ആരോഗ്യവകുപ്പിന് കീഴിലുള്ള സർക്കാർ ആശുപത്രികളിൽ ജില്ലയിലെ ആദ്യ എംആർഐ സ്കാൻ, ജീവിതശൈലി രോഗനിർണയത്തിനും ചികിൽസക്കുമുള്ള 360 ഡിഗ്രി മെറ്റബോളിക് സെന്ററുമടക്കമുള്ള സംവിധാനങ്ങളാണ് ഇവിടെ സജ്ജമായിട്ടുള്ളത്.

ഏഴ് നിലകളുള്ള കെട്ടിടത്തിന്റെ താഴത്തെ നിലയിൽ ഒപി കൗണ്ടർ, മെഡിക്കൽ ഒ പി, ഒപി ഫാർമസി, അത്യാധുനിക എം ആർ ഐ സ്കാൻ, സിടി സ്കാൻ, അൾട്രാസൗണ്ട് സ്കാൻ, എക്സ് റേ എന്നിവയാണുള്ളത്. മറ്റു നിലകളിലായി അസ്ഥിവിഭാഗം ഒ പി, കുട്ടികളുടെ ഒ പി, ഒഫ്താൽമോളജി ഒ പി, മാമോഗ്രാം, എൻസിഡി ഒ പി, 360 ഡിഗ്രി മെറ്റബോളിക് സെന്റർ, ഡെന്റൽ ഒ പി, ഇ എൻ ടി ഒ പി, ചെസ്റ്റ് മെഡിസിൻ ഒ പി, സർജറി ഒ പി, പി എം ആർ ഒ പി, കാൻസർ ഒ പി, എന്നിവയും സൂപ്പർ സ്പെഷ്യാലിറ്റി ഒ പി കളായ കാർഡിയോളജി, ഗ്യാസ്ട്രോഎൻട്രോളജി എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ പീഡിയാട്രി, മെഡിസിൻ, കാൻസർ എന്നീ വിഭാഗങ്ങളുടെ ഐ പി സേവനം കൂടി ഇവിടെ ലഭ്യമാകും. ഏഴാം നിലയിൽ നൂതനമായ ലബോറട്ടറി, എംആർഎൽ, അഡ്മിനിസ്ട്രേറ്റീവ് വിഭാഗം എന്നിവയും പ്രവർത്തിക്കും. രണ്ടു നില പൂർണമായും കിടത്തിചികിൽസയ്ക്കായാണ് മാറ്റി വെച്ചിരിക്കുന്നത്.

ലിഫ്റ്റ്, റാമ്പ്, പബ്ലിക് അഡ്രസ് സിസ്റ്റം എന്നിവയും ലാബ് സാമ്പിൾ കളക്ഷൻ സൗകര്യവും താഴത്തെ നിലയിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

മാരാരിക്കുളം മുതൽ പുന്നപ്രവരെയുള്ള ഭാഗത്തുണ്ടാകുന്ന റോഡപകടങ്ങൾ, ടൂറിസം, മൽസ്യമേഖലകളിലുണ്ടാകുന്ന അത്യാഹിതങ്ങൾ, കുട്ടനാട്ടിലെ വെള്ളപ്പൊക്ക ദുരിതം തുടങ്ങിയവയിലൊക്കെ ആളുകൾ ആശ്രയിക്കുന്ന ജനറൽ ആശുപത്രിയെ മികവിന്റെ പാതയിലെത്തിക്കാൻ 2020 ഫെബ്രുവരി 9 നാണ് പുതിയ കെട്ടിടനിർമാണം തുടങ്ങിയത്. 2000ത്തോളം പോർ ദിനവും ചികിൽസ തേടിയെത്തുന്ന ആശുപത്രിയിൽ 400 കിടക്കകളാണുള്ളത്. ഇതിൽ 53 ബെഡുകൾ കാത്ത് ലാബിനും 12 ബെഡ് ഡയാലിസിസിനുമാണുള്ളത്. ജനറൽ ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റിയായി ഉയർത്താനുള്ള പദ്ധതിയുടെ ഭാഗമായാണ് പുതിയ സമുച്ചയം ഒരുക്കിയത്.

# താരമാകാൻ കുടുംബശ്രീ ഡ്രോൺ പൈലറ്റുമാർ

**ആലങ്ങാട് :** കേന്ദ്രസർക്കാരിന്റെ ഡ്രോൺ ദീദി പദ്ധതിയുടെ ഭാഗമായുള്ള ജില്ലാതല കാർഷിക ഡ്രോൺ പദ്ധതി മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ പ്രവർത്തകർക്കാണ് മരുന്നു തളിക്കും മറ്റുമുള്ള ഡ്രോൺ പരിശീലനം നൽകുന്നത്. കരുമാലൂർ പഞ്ചായത്തിൽ നിന്നുള്ള എം.ആർ.ബിന്ദു, മഴുവന്നൂർ പഞ്ചായത്തിലെ അച്ചാമ്മ ഏലിയാസ്, കൂവപ്പടി പഞ്ചായത്തിലെ ഷീബ എൽദോസ്, ചെങ്ങമനാട് പഞ്ചായത്തിലെ കെ.എ.മിനി എന്നിവർക്കാണ് ആദ്യ ഘട്ടത്തിൽ ഡ്രോണും ലൈസൻസും ലഭിച്ചിട്ടുള്ളത്.

എഫ്എസിടി മുഖേനയാണു കുടുംബശ്രീ അംഗങ്ങൾക്കു ഡ്രോൺ നൽകിയത്. ഉദ്ഘാടനച്ചടങ്ങിൽ കരുമാലൂർ പഞ്ചായത്തിലെ വെളിയത്തുനാട് തടിക്കക്കടവ് പാടശേഖരത്തിൽ കരുമാലൂരിൽ നിന്നുള്ള ഡ്രോൺ പൈലറ്റ് എം.ആർ.ബിന്ദു ഡ്രോൺ പറത്തി. കരുമാലൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീലത ലാലു അധ്യക്ഷയായി. പരിശീലനം ലഭിച്ച തൃശൂർ ജില്ലയിലെ കുഴൂർ പഞ്ചായത്തംഗവും ഡ്രോൺ പൈലറ്റുമായ സുധ ദേവിയും പരിപാടിയിൽ പങ്കെടുത്തു. ജില്ലയിലെ എല്ലാ പഞ്ചായത്തിലും ഒരു ഡ്രോൺ എന്ന പദ്ധതി ആവിഷ്കരിക്കുമെന്നു മന്ത്രി പറഞ്ഞു.

ജില്ലാ പഞ്ചായത്തംഗം കെ.വി.രവീന്ദ്രൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രമ്യ തോമസ്, കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ റെജീന, കൃഷി ഡപ്യൂട്ടി ഡയറക്ടർ ഇന്ദു പി.നായർ, ഫാക്ട് സെയിൽസ് ഓഫിസർ കെ.വി.അശ്വിൻ, ആലുവ കൃഷി അസിസ്റ്റന്റ് ഡയറക്ടർ പി.എൻ.രാജു, ബ്ലോക്ക് വൈസ് പ്രസിഡന്റ് എം.ആർ.രാധാകൃഷ്ണൻ, പഞ്ചായത്ത് പ്രസിഡന്റുമാരായ പി.എം.മനാഫ്, സൈന ബാബു തുടങ്ങിയവർ പ്രസംഗിച്ചു.





# മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം; മുതലപ്പൊഴി ഹാർബർ വികസനത്തിന് 177 കോടി

**തിരുവനന്തപുരം:** നിരവധി മത്സ്യത്തൊഴിലാളികളുടെ ജീവനെടുത്ത മുതലപ്പൊഴിയിൽ ആശ്വാസമായി കേന്ദ്രസർക്കാർ നടപടി. കേന്ദ്രസർക്കാർ രൂപീകരിച്ച സാങ്കേതിക സമിതി മുതലപ്പൊഴി ഹാർബർ വികസനത്തിന് 177 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകി. കേന്ദ്ര ഫിഷറീസ് മന്ത്രാലയമാണ് പദ്ധതിക്ക് അംഗീകാരം നൽകിയത്. കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക പ്രഖ്യാപനം അടുത്തുതന്നെ ഉണ്ടാകുമെന്ന് ഹാർബർ എൻജിനീയറിങ് വകുപ്പ് വൃത്തങ്ങൾ വ്യക്തമാക്കി.

കേന്ദ്രത്തിൽനിന്ന് അറിയിപ്പു ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന സർക്കാർ പുലിമുട്ടിന്റെ നീളം കൂട്ടൽ, റിമോർട്ട് കൺട്രോൾ ബോയകൾ എന്നിവ ഉൾപ്പെടെയുള്ള വികസന പദ്ധതികൾക്കുള്ള ടെൻഡർ വിളിക്കും. പദ്ധതി ചെലവിന്റെ 60 ശതമാനം കേന്ദ്രവും 40 ശതമാനം സംസ്ഥാനവുമാണ് വഹിക്കുക. 168 കോടി രൂപയുടെ പദ്ധതിയാണ് ആദ്യം തീരുമാനിച്ചിരുന്നത്. എന്നാൽ ഹാർബറിന്റെ സുരക്ഷയും അടിസ്ഥാന സൗകര്യവികസനവും കൂടി ഉൾപ്പെടുത്തിയതോടെയാണ് പദ്ധതിച്ചെലവ് 177 കോടി രൂപ ആയത്.

മുതലപ്പൊഴിയിലെ പ്രശ്നങ്ങൾ പഠിക്കാൻ പുണെയിലെ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷനെയാണ് (സിഡബ്ല്യുപിആർഎസ്) ചുമതലപ്പെടുത്തിയിരുന്നത്. ഇവർ ഫെബ്രുവരിയിൽ മുഖ്യമന്ത്രി പിണറായി വിജയനു സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹാർബർ എൻജിനീയറിങ് വകുപ്പാണ് വിശദമായ പദ്ധതി റിപ്പോർട്ട് തയാറാക്കിയത്. പുതിയ വാർഫ്, ലേല സംവിധാനം, വാട്ടർ ടാങ്കുകൾ, റോഡ് നിർമാണം, പാർക്കിങ് ഏരിയ തുടങ്ങിയവയും പദ്ധതിയുടെ ഭാഗമാണ്.

വാമനപുരം നദി അറബിക്കടലുമായി ചേരുന്ന മുതലപ്പൊഴിയിൽ തുടരെയുണ്ടാകുന്ന അപകടങ്ങളിൽ നിരവധി മത്സ്യത്തൊഴിലാളികളുടെ ജീവൻ നഷ്ടമായതോടെയാണ് വിഷയം വിശദമായി പഠിക്കാൻ തീരുമാനിച്ചത്. തെക്കൻ പുലിമുട്ടിന്റെ നീളം കൂട്ടണമെന്നും പ്രവേശന കവാടം മാറ്റി സ്ഥാപിക്കണമെന്നും ഉൾപ്പെടെയുള്ള റിപ്പോർട്ടാണ് സർക്കാരിന് സിഡബ്ല്യുപിആർഎസ് സമർപ്പിച്ചിരുന്നത്.

മത്സ്യബന്ധന തുറമുഖത്തിന്റെ വികസനത്തിനായി പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന (പിഎംഎംഎസ്‌വൈ) പ്രകാരം പദ്ധതി രേഖ സമർപ്പിക്കാൻ കേന്ദ്രസർക്കാർ കേരളത്തോട് ആവശ്യപ്പെട്ടിരുന്നു. ആദ്യം പ്രോജക്ട് റിപ്പോർട്ട് നൽകിയെങ്കിലും സിഡബ്ല്യുപിആർഎസ് പഠനത്തിന്റെ കൂടി അടിസ്ഥാനത്തിൽ പുതിയ ഡിപിആർ നൽകാൻ കേന്ദ്രം ആവശ്യപ്പെടുകയായിരുന്നു. ഇതുവരെ 82 ജീവനുകളാണു അഴിമുഖത്തും തുറമുഖ കേന്ദ്രത്തിനു സമീപത്തുമായി നഷ്ടപ്പെട്ടത്.

# തിരുവനന്തപുരം മൃഗശാലയിൽ കൂടുതൽ പക്ഷികളെയും മൃഗങ്ങളെയും എത്തിക്കും: മന്ത്രി

**തിരുവനന്തപുരം:** മൃഗശാലയിൽ വിവിധങ്ങളായ പുതിയ പക്ഷി മൃഗാദികളെ എത്തിക്കാൻ നടപടി സ്വീകരിക്കുമെന്ന് ക്ഷീരവികസന, മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി പറഞ്ഞു.

തിരുവനന്തപുരം മൃഗശാലയിൽ നിർമാണം പൂർത്തീകരിച്ച കരപക്ഷികളുടെ പരിബന്ധനത്തിന്റെയും, ക്വാറന്റൈൻ കേന്ദ്രത്തിന്റെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട മൃഗശാലയാണ് തിരുവനന്തപുരം മൃഗശാല. പ്രതിദിനം കേരളത്തിനകത്തും പുറത്തുമുള്ള ആയിരക്കണക്കിന് ആളുകളാണ് മൃഗശാല സന്ദർശിക്കുന്നത്. മുൻപുണ്ടായിരുന്ന ജിറാഫടക്കമുള്ള മൃഗങ്ങൾ ഇല്ലാതായ സാഹചര്യത്തിലും പുതിയ നിരവധി മൃഗങ്ങളെ ഇവിടെ എത്തിക്കാൻ കഴിഞ്ഞു. നമുക്ക് കൂടുതൽ ഉള്ള മൃഗങ്ങളെ മറ്റ് മൃഗശാലകളിലേക്ക് കൈമാറ്റം ചെയ്തിട്ടാണ് നമുക്കാവശ്യമുള്ള മൃഗങ്ങളെ സ്വീകരിക്കുന്നത്. മനുഷ്യന് ശല്യമുണ്ടാക്കുന്ന കടുവ അടക്കമുള്ള മൃഗങ്ങളെ തിരുവനന്തപുരം മൃഗശാലയിലെത്തിക്കാൻ സർക്കാർ നടപടി സ്വീകരിച്ചു. സമയ ബന്ധിതമായി ആഹാരം ,വെള്ളം, മരുന്ന് എന്നിവ നൽകി മൃഗപരിപാലനത്തിൽ രാജ്യത്തിന് മാതൃകയാണ് തിരുവനന്തപുരം മൃഗശാല.

മക്കാവു ഉൾപ്പെടെയുള്ള പക്ഷികൾ മൃഗശാലയിൽ ഇന്നെത്തിയ സാഹചര്യത്തിലാണ് കരപക്ഷികൾക്കുള്ള പരിബന്ധനം സജ്ജീകരിച്ചത്. ആധുനിക സൗകര്യങ്ങളോടുകൂടി ശസ്ത്രക്രിയ അടക്കം ചെയ്യാൻ കഴിയുന്ന മൃഗാശുപത്രി, മൃഗങ്ങളെയും പക്ഷികളെയും താൽക്കാലികമായി പാർപ്പിച്ച് നിരീക്ഷിക്കുന്നതിനുള്ള ക്വാറന്റൈൻ കേന്ദ്രം എന്നിവ സംസ്ഥാന സർക്കാർ ഇവിടെ സ്ഥാപിച്ചിരിക്കുകയാണ്. പുതിയ പക്ഷി മൃഗാദികളെ എത്തിക്കുമ്പോൾ ഒരു മാസമെങ്കിലും മാറ്റിനിർത്തി അസുഖം സാധ്യത നിരീക്ഷിക്കുന്നതിനാണ് ക്വാറന്റൈൻ കേന്ദ്രം സജ്ജീകരിച്ചത്. സർക്കാരിന്റെ നൂറുദിന കർമ പരിപാടിയുടെ ഭാഗമായുള്ള ഈ പദ്ധതികൾ തിരുവനന്തപുരം മൃഗശാലയുടെ ആധുനികരണത്തിൽ നിർണായക പങ്കു വഹിക്കുമെന്നും മന്ത്രി പറഞ്ഞു.

വി കെ പ്രശാന്ത് എം എൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽ വൈൽഡ് ലൈഫ് വാർഡൻ വിനോദ് എസ് വി , വെറ്റിനറി സർജൻ ഡോ. നികേഷ് കിരൺ, മൃഗശാല സൂപ്രണ്ട് വി രാജേഷ് എന്നിവർ സംബന്ധിച്ചു.

# സിവിൽ സർവ്വീസ് പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** സിവിൽ സർവ്വീസ് പരിശീലന പരിപാടിയിലേക്ക് പട്ടികവർഗ്ഗ വിഭാഗത്തിലെ യുവതീയുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. 30 വയസിന് താഴെയുള്ള 50% മാർക്കോടെ ബിരുദം പൂർത്തീകരിച്ചവർക്ക് അപേക്ഷിക്കാം. പരമാവധി 50 പേർക്ക് പൂർണമായും മെറിറ്റ് അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ പ്രവേശനം നൽകും. തുടർന്ന് തിരുവനന്തപുരത്ത് നടക്കുന്ന ഒരു മാസം ദൈർഘ്യമുള്ള ഓറിയന്റേഷൻ കോഴ്സിൽ പങ്കെടുക്കാം. ഓറിയന്റേഷൻ കോഴ്സിന് ശേഷം നടക്കുന്ന സ്കീനിങ് ടെസ്റ്റിനും ഇന്റർവ്യൂവിനും ശേഷം തെരഞ്ഞെടുക്കപ്പെടുന്ന പരമാവധി 30 ഉദ്യോഗാർത്ഥികൾക്ക് സംസ്ഥാനത്തിനകത്തുള്ള തെരഞ്ഞെടുക്കപ്പെട്ട കോച്ചിംഗ് സ്ഥാപനങ്ങളിൽ ഒരു വർഷ കോഴ്സിന് ചേർന്ന് പഠിക്കുന്നതിന് അവസരം നൽകും.

താൽപര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്കായി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ നേരിട്ടോ, 0471 2303229, 04712304594 എന്ന ഫോൺ നമ്പറുകളിലോ പട്ടികവർഗ്ഗ വികസന വകുപ്പിന്റെടോൾ ഫ്രീ നമ്പറായ 1800 425 2312ലോ ബന്ധപ്പെടാം.

# കുഞ്ഞുങ്ങളെ പോളിയോ രോഗത്തിൽ നിന്നും സംരക്ഷിക്കണം: മന്ത്രി

**തിരുവനന്തപുരം:** നമ്മുടെ കുഞ്ഞുങ്ങളെ പോളിയോ രോഗത്തിൽ നിന്നും സംരക്ഷിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അയൽ രാജ്യങ്ങളായ പാകിസ്ഥാനിലും അഫ്ഗാനിസ്ഥാനിലുമായി ലോകത്ത് പുതുതായി 50 പോളിയോ കേസുകൾ ഈ വർഷം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സീവേജ് സർവൈലൻസ് പഠനങ്ങളിലും ലോകത്ത് പല രാജ്യങ്ങളിലും പോളിയോ വൈറസ് സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ കുഞ്ഞുങ്ങളെ പോളിയോ രോഗത്തിൽ നിന്നും തടയാൻ പ്രതിരോധം വളരെ പ്രധാനമാണ്. പോളിയോ വാക്സിൻ എടുക്കുന്നതിലൂടെ പോളിയോ രോഗത്തെ തടയാനാകും. എല്ലാ വർഷവും പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പരിപാടി സംസ്ഥാന വ്യാപകമായി നടത്താറുണ്ട്. ഇത് കൂടാതെ എല്ലാ സർക്കാർ ആശുപത്രികളിലും പോളിയോ വാക്സിൻ സൗജന്യമായി ലഭ്യമാണ്. എല്ലാ കുട്ടികൾക്കും ദേശീയ വാക്സിനേഷൻ പട്ടിക പ്രകാരമുള്ള പോളിയോ വാക്സിൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കണമെന്ന് മന്ത്രി പറഞ്ഞു. എല്ലാ വർഷവും ഒക്ടോബർ 24നാണ് ലോക പോളിയോ ദിനം ആചരിക്കുന്നത്. പോളിയോ രോഗത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും പോളിയോ തടയാനുള്ള പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുകയും ചെയ്യുകയാണ് ഇതിന്റെ ലക്ഷ്യം.

കേരളത്തിൽ 2000ന് ശേഷവും ഇന്ത്യയിൽ 2011 ന് ശേഷവും പോളിയോ രോഗം റിപ്പോർട്ട് ചെയ്തിട്ടില്ല. 2014 മാർച്ചിൽ ലോകാരോഗ്യ സംഘടന ഇന്ത്യയെ പോളിയോമുക്ത രാജ്യമായി പ്രഖ്യാപിച്ചുവെങ്കിലും നമ്മുടെ അയൽ രാജ്യങ്ങളിൽ പോളിയോ രോഗം റിപ്പോർട്ട് ചെയ്യപ്പെടുന്നതിനാൽ രോഗസാധ്യത ഒഴിവാക്കുന്നതിനായാണ് പോളിയോ വാക്സിൻ നൽകുന്നത്. തുള്ളിമരുന്ന്, കുത്തിവയ്പ്പ് എന്നിങ്ങനെ രണ്ട് തരം പോളിയോ വാക്സിനാണുള്ളത്. 5 വയസിന് താഴെയുള്ള കുട്ടികൾക്ക് കൃത്യമായി വാക്സിൻ നൽകുന്നതിലൂടെ പോളിയോ രോഗം തടയാനാവും.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** പട്ടികവർഗ യുവതീ യുവാക്കളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമാക്കി നിർദ്ദിഷ്ട യോഗ്യതയുള്ള നിശ്ചിത എണ്ണം വിദ്യാർഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷയ്ക്കാവശ്യമായ പരിശീലന പരിപാടിയിലേയ്ക്കു തെരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരും 30 വയസിന് താഴെയുള്ളവരും ബിരുദ പഠനത്തിൽ കുറഞ്ഞത് 50 ശതമാനം മാർക്കോടുകൂടി കോഴ്സ് പൂർത്തീകരിച്ചവരുമാകണം. അവസാന സെമസ്റ്റർ ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. സെമസ്റ്റർ സമ്പ്രദായത്തിൽ ബിരുദ പഠനം നടത്തിയവരാണെങ്കിൽ അവസാന സെമസ്റ്ററിന് തൊട്ടുമുമ്പ് വരെ ഫലം പ്രഖ്യാപിച്ചിട്ടുള്ള സെമസ്റ്റർ പരീക്ഷകളിലെല്ലാം 50 ശതമാനം മാർക്കോടെ വിജയിച്ചിരിക്കണം. കുടുംബ വാർഷിക വരുമാനം 250 രൂപയിൽ അധികരിക്കാൻ പാടില്ല. താല്പര്യമുള്ള അർഹരായവർ നിശ്ചിത അപേക്ഷാ ഫോമിൽ വിവരങ്ങൾ രേഖപ്പെടുത്തി യോഗ്യത, ജാതി, വരുമാന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ആലുവ/ഇടമലയാർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിലോ മൂവാറ്റുപുഴ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിലോ ഒക്ടോബർ 29ന് മുമ്പായി നേരിട്ടോ തപാൽ മാർഗമോ ലഭ്യമാക്കണം. നിശ്ചിത സമയത്തിനകം ലഭിക്കാത്തതും ആവശ്യമായ രേഖകൾ ഇല്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. മുൻ വർഷങ്ങളിൽ പരിശീലനം ലഭിച്ചവർ പരിശീലനത്തിന് അപേക്ഷിക്കേണ്ടതില്ല. അപേക്ഷാ ഫോമിനും കൂടുതൽ വിവരങ്ങൾക്കും ആലുവ/ഇടമലയാർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിലോ മൂവാറ്റുപുഴ ട്രൈബൽ ഡവലപ്മെന്റ് ഓഫീസുകളിലോ ബന്ധപ്പെടാം. ഫോൺ: 04852970337

## ലേലം

**കൊച്ചി:** കണയന്നൂർ താലൂക്ക് ആമ്പല്ലൂർ വില്ലേജ് കോമ്പൗണ്ടിൽ കാലവർഷത്തിൽ വീണുകിടക്കുന്ന ഗുൽമോഹർ മരം ലേലം ചെയ്യും. ലേലം നവംബർ അഞ്ചിന് രാവിലെ 11ന് ആമ്പല്ലൂർ വില്ലേജിൽ നടക്കും. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ആമ്പല്ലൂർ വില്ലേജ് ഓഫീസിൽ അറിയാം.

## മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി

**കൊച്ചി:** കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ ക്ഷേമനിധി വിഹിതം കുടിശിക വരുത്തിയ തൊഴിലാളികൾക്ക് കോവിഡ് കാലയളവ് ഒഴികെ അവസാന മൂന്ന് വർഷ കാലയളവ് വരെയുള്ള കുടിശിക ഒടുക്കുന്നതിന് (ഒമ്പത് ശതമാനം പലിശ സഹിതം) 2024 ഡിസംബർ 31 വരെ സമയം ദീർഘിപ്പിച്ചു. ഫോൺ 04842401632.



പുക്കാട്ടുപടി ലയൺസ് ക്ലബ് സംഘടിപ്പിച്ച സാന്ത്വനം 2024 മെഗാ മെഡിക്കൽ ക്യാമ്പിന്റെയും സേവന പദ്ധതികളുടെ ഉദ്ഘാടനം ജലവിഭവ വകുപ്പുമന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യുന്നു ലയൺ ഡിസ്ട്രിക്റ്റ് ഗവർണർ ലയൺ രാജൻ നമ്പൂതിരി ഏ.വി വാമന കുമാർ വിഎ .സ് ജയേഷ് ജോർജ് സാജു, സിബി ഫ്രാൻസിസ് ഡി.പി സജി ജിജോ കെ പോൾ റെജി ജേക്കബ്, സാബു ജോസഫ് എന്നിവർ സമീപം

# സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗം അന്താരാഷ്ട്ര നിലവാരത്തിലേക്കുയരും: മുഖ്യമന്ത്രി

**തിരുവനന്തപുരം:** മികച്ച അടിസ്ഥാന സൗകര്യങ്ങളും അത്യാധുനിക പഠന സങ്കേതങ്ങളുമൊരുക്കി കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

കാര്യവട്ടം ക്യാമ്പസിൽ പുതിയ രണ്ട് ഹോസ്റ്റലുകളുടെയും റീജനറേറ്റീവ് മെഡിസിൻ സ്റ്റെം സെൽ ലബോറട്ടറി കെട്ടിടത്തിന്റെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

കോളേജ് വിദ്യാർഥികളുമായുള്ള ചർച്ചയിൽ നിന്നും ഉന്നതവിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കണമെന്ന കാഴ്ചപ്പാട് 2016ൽ തന്നെ സർക്കാരിനുണ്ടായി.

സർവകലാശാലകളിൽ താമസിച്ച് പഠിക്കാനുള്ള അവസരം സൃഷ്ടിക്കണം, ലൈബ്രറി, ലാബ് സൗകര്യങ്ങൾ 24 മണിക്കൂറും ഉപയോഗിക്കാൻ സാധിക്കണം എന്നതും വിദ്യാർഥികളുടെ ആവശ്യമായിരുന്നു. ആ ആശയം സംസ്ഥാന സർക്കാർ സ്വീകരിച്ചു. സർവ്വകലാശാലകളുടെ റാങ്കിങ് നിലവാരം മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകി.

ആദ്യഘട്ടത്തിൽ ആദ്യ 100 റാങ്കിലേക്കും തുടർന്ന് ആദ്യപത്തിലേക്കും എത്തിക്കുകയായിരുന്നു ഉദ്ദേശ്യം. വിസിമാർ സർവകലാശാലകളിൽ ഇത് പ്രധാന പരിപാടിയായി ഏറ്റെടുത്തു. ഇതിൽ ഏറ്റവും മികവാർന്ന വിജയം കേരള സർവകലാശാല നേടി. ഉന്നതവിദ്യാഭ്യാസ മേഖലയെ ശാക്തീകരിച്ച് നമ്മൾ നേടിയ നേട്ടങ്ങളെ കൂടുതൽ ഉന്നതിയിലെത്തിക്കാൻ കഴിയണം.

നാക്കിന്റെ റീ അക്രഡിറ്റേഷനിൽ 3.67 ഗ്രേഡ് പോയിന്റോടെ എ പ്ലസ് പ്ലസ് നേടിയ ആദ്യത്തെ സംസ്ഥാന സർവ്വകലാശാലയാണ് കേരള സർവ്വകലാശാല. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റാങ്കിംഗ് ഫ്രെയിംവർക്കിൽ സംസ്ഥാന സർവ്വകലാശാലാ വിഭാഗത്തിൽ ഒമ്പതാം സ്ഥാനവും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആഗോള റാങ്കിംഗ് നിശ്ചയിക്കുന്ന സുപ്രധാന സൂചികയായ ക്യു എസ് ഏഷ്യൻ റാങ്കിങ്ങിൽ 339 ാം സ്ഥാനവും ദക്ഷിണേഷ്യയിൽ 88ാം സ്ഥാനവും കേരള സർവ്വകലാശാല നേടി.

നേട്ടങ്ങളിൽ ഊന്നി നിന്നുകൊണ്ട് നാം പുതിയ ചുവടുവയ്പ്പുകൾ നടത്തുകയാണ്. അതിന്റെ ഭാഗമായാണ് സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ വിദ്യാർഥികൾക്കായുള്ള ഹോസ്റ്റലുകളും റീജെനറേറ്റീവ് മെഡിസിൻ ആൻഡ് സ്റ്റെം സെൽ ലബോറട്ടറിയും ഇവിടെ ഒരുക്കിയിരിക്കുന്നത്.

സമഗ്രവും സുസ്ഥിരവുമായ വികസനവും ക്ഷേമവും ഉറപ്പാക്കുന്ന തരത്തിലുള്ള ഇടപെടലുകളാണ് നൂറുദിന കർമ്മ പരിപാടിയിലൂടെ സർക്കാർ സാധ്യമാക്കുന്നത്. ഇത്തവണ നൂറു ദിവസംകൊണ്ട് 47 വകുപ്പുകളിലായി 13,000 കോടിയിലധികം രൂപയുടെ 1,070 പദ്ധതികളാണ് നടപ്പാക്കുന്നത്. ഇവയിലൂടെ 3 ലക്ഷത്തോളം തൊഴിൽദിനങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഇതിനോടകം മുപ്പതിനായിരത്തോളം പട്ടയങ്ങൾ വിതരണം ചെയ്തു. 30 സ്കൂൾ കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്യുകയും 12 സ്കൂൾ കെട്ടിടങ്ങൾക്ക് തറക്കല്ലിടുകയും ചെയ്തു. 456 റേഷൻ കടകളെ കെ സ്റ്റോറുകളാക്കി ഉയർത്തി. 37 സ്മാർട്ട് വില്ലേജ് ഓഫീസുകൾ ഉദ്ഘാടനം ചെയ്യപ്പെടാനുണ്ട്. ലൈഫ് മിഷനിലൂടെ നിർമ്മിച്ച 10,000 വീടുകൾ കൈമാറാനുണ്ട്. ഇത്തരത്തിൽ വികസനവും ക്ഷേമവും ഉറപ്പുവരുത്തുന്ന നിരവധി ഇടപെടലുകളാണ് 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി നടത്തുന്നത്.

കാര്യവട്ടത്തെ പെൺകുട്ടികളുടെ പുതിയ ഹോസ്റ്റൽ 39,554.2 ചതുരശ്ര അടിയും ആൺകുട്ടികളുടെ ഹോസ്റ്റൽ 33,782.4 ചതുരശ്ര അടിയുമാണ്. 23 കോടിയോളം രൂപയാണ് ഇതിന്റെ നിർമ്മാണത്തിനായി ചിലവഴിച്ചത്. 500 ഓളം വിദ്യാർത്ഥികൾക്കുള്ള താമസ സൗകര്യമാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. ഹോസ്റ്റലുകളിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കായി പ്രത്യേകം മുറികൾ തയ്യാറാക്കിയിട്ടുണ്ട്.

കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് ഹോസ്റ്റലുകൾ നിർമ്മിച്ചിരിക്കുന്നത്. കഴിഞ്ഞ 8 വർഷം കൊണ്ട് 90,000 കോടി രൂപയുടെ വികസന പദ്ധതികളാണ് കിഫ്ബി മുഖേന ഏറ്റെടുത്തത്. പതിറ്റാണ്ടുകൾ കാത്തിരുന്നാൽ പോലും യാഥാർത്ഥ്യമാകാൻ സാധ്യതയില്ലാത്ത പല പദ്ധതികളും പൂർത്തിയായി. റീജനറേറ്റീവ് മെഡിസിൻ ആൻഡ് സ്റ്റെം സെൽ സെന്റർ 4.44 കോടി രൂപ ചെലവഴിച്ചാണ് നിർമ്മിച്ചത്.

വ്യത്യസ്ത മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിച്ച് കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ഹബ്ബാക്കി മാറ്റാനാണ് ശ്രമിക്കുന്നത്.

കാര്യവട്ടം ക്യാമ്പസിലെ ലാബിലൂടെ റീജെനറേറ്റീവ് മെഡിസിനുമായി ബന്ധപ്പെട്ട മേഖലകളിൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്താൻ കഴിയണം. അതിനായി അക്കാദമിക രംഗത്തു മാത്രമല്ല, കേരളത്തിന്റെ ആരോഗ്യ രംഗത്തിനാകെ സംഭാവന നൽകാൻ കഴിയുന്ന നിലയിലേക്ക് ഈ സ്ഥാപനത്തെ വളർത്തിയെടുക്കുന്നതിൽ ഏവരും ശ്രദ്ധ ചെലുത്തണമെന്ന് മുഖ്യമന്ത്രി പറഞ്ഞു

ഉന്നതവിദ്യാഭ്യാസമന്ത്രി ഡോ ആർ ബിന്ദു അധ്യക്ഷത വഹിച്ച ചടങ്ങിൽ കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ, വൈസ് ചാൻസലർ ഡോ.മോഹനൻ കുന്നുമ്മൽ, സിൻഡിക്കേറ്റ് ഫിനാൻസ് കമ്മിറ്റി കൺവീനർ അഡ്വ. ജി. മുരളീധരൻ, സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. എസ്. നസീബ്, ഡോ. ഷിജൂഖാൻ ജെ. എസ്., ആർ. രാജേഷ്, ഡോ. കെ. ജി. ഗോപ്ചന്ദ്രൻ, ഡോ. എം. ലെനിൻ ലാൽ, ഡോ.പി.എം. രാധാമണി, അഡ്വ. ആർ. ബി. രാജീവ് കുമാർ,ഡോ. ടി. ആർ. മനോജ്, ഡോ. എസ്. ജയൻ, ഡോ. പ്രകാശ് കെ. സി., ഡോ. റഹിം കെ, ഡോ. പ്രമോദ് എൻ.,ഡോ. മനോജ് വി, ഡോ. വിനോദ്കുമാർ റ്റി. ജി. നായർ, അജയ് ഡി.എൻ, അഹമ്മദ് ഫാസിൽ വൈ, പി. എസ്. ഗോപകുമാർ, കേരളസർവ്വകലാശാല രജിസ്ട്രാർ ഡോ.കെ.എസ്. അനിൽ കുമാർ, ക്യാമ്പസ് ഡയറക്ടർ ഡോ. ജോസുകുട്ടി.സി.എ, കിഫ്ബി കോർഡിനേറ്റർ ഡോ. സാം സോളമൻ, സ്റ്റെം എ സി ഇ ആർ എം ഡയറക്ടർ ഡോ.ശ്രീജിത് പരമേശ്വരപണിക്കർ, ഗവേഷക യൂണിയൻ ചെയർമാൻ അജിത് അജയ് എന്നിവർ സംബന്ധിച്ചു.

# സംസ്ഥാന സ്കൂൾ കലോത്സവം: ലോഗോ ക്ഷണിച്ചു

**തിരുവനന്തപുരം:** വിദ്യാർഥികൾ, അദ്ധ്യാപകർ, പൊതുജനങ്ങൾ എന്നിവരിൽ നിന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സംസ്ഥാന സ്കൂൾ കലോത്സവ ലോഗോ ക്ഷണിച്ചു. ജനുവരി 4 മുതൽ 8 വരെയാണ് കലോത്സവം. മേളയുടെ പ്രതീകങ്ങൾ ഉൾപ്പെടുത്തിയാകണം ലോഗോ തയ്യാറാക്കേണ്ടത്. തിരുവനന്തപുരം ജില്ലയുടെ സവിശേഷതകൾ ഉൾപ്പെടുത്തണം. മേളയുടെ തീയതി രേഖപ്പെടുത്തണം. എഡിറ്റ് ചെയ്യുവാൻ കഴിയുന്ന ഫോർമാറ്റിൽ സി.ഡി.യും ഒപ്പം എ4 സൈസ് പേപ്പറിൽ കളർ പ്രിന്റും നൽകണം. ലോഗോ തയ്യാറാക്കി അയക്കുന്ന കവറിന് പുറത്ത് "കേരള സ്കൂൾ കലോത്സവം 202425' എന്ന് രേഖപ്പെടുത്തണം. ലോഗോ നവംബർ 10ന് വൈകിട്ട് 5നകം ഷിബു. ആർ.എസ്., പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ), പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം 695 014. എന്ന വിലാസത്തിൽ ലഭിക്കണം.

# വിവര സാങ്കേതിവിദ്യ പ്രയോജനപ്പെടുത്തി സഹകരണ ഉത്പന്നങ്ങൾക്ക് വിദേശ ആഭ്യന്തര വിപണി കണ്ടെത്തും: മന്ത്രി വി.എൻ.വാസവൻ

**തിരുവനന്തപുരം:** സഹകരണ മേഖലയിൽ നിന്നുള്ള കാർഷിക മൂല്യവർദ്ധിത ഉത്പന്നങ്ങൾക്ക് വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി കൂടുതൽ വിപണി കണ്ടെത്താനുള്ള ശ്രമങ്ങളുമായി സഹകരണ വകുപ്പു മുന്നോട്ടുപോവുകയാണെന്ന് സഹകരണ വകുപ്പു മന്ത്രി വി.എൻ. വാസവൻ. സഹകരണ മേഖലയിൽ ഉത്പാദിപ്പിക്കുന്ന കാർഷിക മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ ലഭ്യമാക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു വാസവൻ. സഹകരണ മേഖലയിൽ നിന്നുള്ള കാർഷിക മൂല്യവർദ്ധിത ഉത്പന്നങ്ങൾ വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്ന പദ്ധതി ഇതിനകം ആരംഭിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ സഹകരണ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. അമേരിക്ക, നെതർലാൻഡ്, യുഎഇ, ഓസ്ട്രേലിയ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിന്ന് സഹകരണ മേഖലയിലെ മൂല്യവർദ്ധിത ഉത്പന്നങ്ങൾക്കു കൂടുതൽ ഓർഡർ വന്നിട്ടുണ്ട്. ഓൺലൈൻ വിപണനത്തിലേക്കു കടക്കുന്നതിലൂടെ ആഭ്യന്തര വിപണിയിലും കൂടുതൽ സാധ്യതകൾ കണ്ടെത്താനാകും. ജൈവ വൈവിധ്യങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഉത്പന്നങ്ങൾ, ഗുണമേന്മ ഉറപ്പാക്കി, കുറഞ്ഞ വിലയിൽ ലഭിക്കുന്നു എന്നതാണ് സഹകരണ മേഖലയിൽ നിന്നുള്ള ഉത്പന്നങ്ങൾ വാങ്ങുന്നതുകൊണ്ടുള്ള ഗുണമെന്നും അദ്ദേഹം പറഞ്ഞു. കാർഷിക മേഖലയിൽ അവഗണിക്കപ്പെട്ടു കിടന്നിരുന്ന ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ സാധിക്കുന്നു എന്നതാണ് പദ്ധതിയുടെ ഏറ്റവും വലിയ നേട്ടം. കാർഷിക മേഖലയെ ലക്ഷ്യമിട്ടാണ് കേരളത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ ആരംഭിച്ചത്. സഹകരണ മേഖലയിലൂടെ കാർഷിക മേഖലയും, കാർഷിക മേഖലയിലൂടെ സഹകരണ മേഖലയും വികസിക്കുന്നു എന്നത് അഭിമാനകരമാണെന്ന് വാസവൻ പറഞ്ഞു.

സഹകരണ മേഖലയിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ജനങ്ങളിലേക്കെത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന 'സഹകരണം സുതാര്യം' ടെലിവിഷൻ പരിപാടിയുടെ പ്രകാശനവും, സഹകരണ എക്സ്പോ2025ന്റെ ലോഗോ പ്രകാശനവും മന്ത്രി നിർവ്വഹിച്ചു. സംസ്ഥാന സർക്കാറിന്റെ നൂറുദിന കർമ്മ പരിപാടിയുടെ നാലാം ഘട്ടത്തിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതികളാണിതെല്ലാം. നാലാംഘട്ട നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പിനു കീഴിൽ പ്രഖ്യാപിച്ച എല്ലാ പരിപാടികളും സമയബന്ധിതമായി നടപ്പാക്കാൻ കഴിഞ്ഞുവെന്ന് മന്ത്രി പറഞ്ഞു. വയനാട് ദുരന്തത്തെത്തുടർന്നു മാറ്റിവച്ച സഹകരണ എക്സ്പോ 2025, തിരുവനന്തപുരത്തു സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലാണെന്ന് വാസവൻ പറഞ്ഞു. സഹകരണ വകുപ്പ് സെക്രട്ടറി ഡോ. വീണ. എൻ. മാധവൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. സഹകരണ സംഘം രജിസ്ട്രാർ ഡോ. ഡി. സജിത് ബാബു, സഹകരണ ഓഡിറ്റ് ഡയറക്ടർ ഷെറിൻ.എം.എസ്, അഡീഷണൽ രജിസ്ട്രാർ (ജനറൽ) കെ.സജീവ് കർത്താ തുടങ്ങിയവർ പങ്കെടുത്തു.

# എൻട്രൻസ് പരീക്ഷാ സഹായി കീ ടു എൻട്രൻസ് നവംബർ 2 വരെ പുനഃസംപ്രേഷണം

**തിരുവനന്തപുരം:** മെഡിക്കൽ, എൻജിനിയറിങ്, സി.യു.ഇ.ടി തുടങ്ങി ബിരുദ പ്രവേശന പരീക്ഷയ്ക്ക് കൈറ്റ്വിക്ടേഴ്സ് തയ്യാറാക്കിയ കീ ടു എൻട്രൻസ് പ്ലസ് ടു ക്ലാസുകൾ നവംബർ 2 വരെ പുനഃസംപ്രേഷണം ചെയ്യും. പുതിയ എപ്പിസോഡുകളുടെ സംപ്രേഷണം നവംബർ 4 മുതൽ പുനരാരംഭിക്കും. www.etnrance.kite.kerala.gov.in എന്ന പോർട്ടലിൽ സംപ്രേഷണം ചെയ്യപ്പെട്ട എപ്പിസോഡുകളുടെ മോക് ടെസ്റ്റ് ചെയ്യാനാകും. പ്ലസ് വൺ കുട്ടികളുടെ രജിസ്ട്രേഷനും ക്ലാസും നവംബർ 15 ന് ആരംഭിക്കും. വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നതിന് ബുദ്ധിമുട്ടെങ്കിൽ സ്കൂളിലെ കരിയർ ഗൈഡൻസ് അധ്യാപകരുടെ സേവനം തേടണം.

# പിഴല അപ്രോച്ച് റോഡ് നിർമ്മാണം : ജില്ലാ കളക്ടർ ഇടപെടണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി:** കടമക്കുടി ഗ്രാമപഞ്ചായത്തിലെ മൂലമ്പിള്ളിപിഴല പാലവുമായി ബന്ധിപ്പിക്കുന്ന 350 മീറ്റർ പിഴല അപ്രോച്ച് റോഡിന്റെ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കാൻ ജില്ലാ കളക്ടർ ഇടപെടണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് നിർദ്ദേശിച്ചു.ഗോശ്രീ ദ്വീപ് വികസന അതോറിറ്റി സെക്രട്ടറി, കടമക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ യോഗം ജില്ലാ കളക്ടർ വിളിച്ചു ചേർക്കണം. പിഴല അപ്രോച്ച് റോഡിന്റെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ മനസ്സിലാക്കി തടസ്സങ്ങൾ ഒഴിവാക്കി റോഡ് നിർമ്മാണം പെട്ടെന്ന് പൂർത്തിയാക്കാനുള്ള നിർദ്ദേശങ്ങൾ ഗോശ്രീ വികസന അതോറിറ്റി സെക്രട്ടറിക്കും ആവശ്യമെങ്കിൽ കരാറുകാരനും ജില്ലാ കളക്ടർ നൽകണം. ഉത്തരവിന്റെ അടിസ്ഥാനത്തിൽ നൽകിയ നിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ വിശദമാക്കി സമഗ്രമായ റിപ്പോർട്ട് നാലാഴ്ചക്കുള്ളിൽ ജില്ലാ കളക്ടർ സമർപ്പിക്കണം. റോഡ് പണി പൂർത്തിയാക്കാൻ ആവശ്യമായ ചുരുങ്ങിയ സമയം റിപ്പോർട്ടിൽ സൂചിപ്പിക്കണം

ഡിസംബർ 3 ന് എറണാകുളം ഗവ.ഗസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിംഗിൽ കേസ് പരിഗണിക്കും. എറണാകുളം ജില്ലാ കളക്ടർ, കടമക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഗോശ്രീ വികസന അതോറിറ്റി സെക്രട്ടറി എന്നിവർ നിയോഗിക്കുന്ന മുതിർന്ന ഉദ്യോഗസ്ഥർ സിറ്റിംഗിൽ ഹാജരാകണമെന്നും ഉത്തരവിൽ പറയുന്നു.പിഴല സ്വദേശി ഒ.ജി. സെബാസ്റ്റ്യൻ സമർപ്പിച്ച പരാതിയിലാണ് നടപടി.

## കൊതുക് ശല്യം: ദക്ഷിണേന്ത്യയിലെ 53 ശതമാനം പേർക്കും രാത്രി ഉറക്കം നഷ്ടപ്പെടുന്നു

**കൊച്ചി:** കൊതുക് ശല്യം കാരണം ദക്ഷിണേന്ത്യയിലെ 53 ശതമാനം പേർക്കും രാത്രി ഉറക്കം നഷ്ടപ്പെടുന്നതായി ഗുഡ്നൈറ്റിന്റെ സർവേ റിപ്പോർട്ട്. കേരളം, തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, തെലുങ്കാന സംസ്ഥാനങ്ങളിൽ മാർക്കറ്റ് റിസർച്ച് ഫേം യൂഗോവുമായി ചേർന്നായിരുന്നു സർവേ നടത്തിയത്. 284 പേരാണ് ദക്ഷിണേന്ത്യയിൽ നിന്ന് സർവേയിൽ പങ്കെടുത്തത്.നമ്മുടെ ജീവതത്തിൽ പ്രത്യകിച്ച് ഉറങ്ങുമ്പോൾ കൊതുകുകൾ ഉണ്ടാക്കുന്ന സ്വാധീനം എടുത്തു കാണിക്കാൻ ഈ സർവേക്ക് സാധിച്ചെന്ന് ഗോദ്റെജ് കൺസ്യൂമർ പ്രൊഡക്ട്സ് ലിമിറ്റഡ് ഹോം കെയർ മാനേജർ ശിൽപ സുരേഷ് പറഞ്ഞു.

# വനിതകൾക്ക് തൊഴിൽ പരിശീലനം

**കൊച്ചി:** ഇസാഫ് ഫൗണ്ടേഷനും കേന്ദ്ര സർക്കാർ സ്ഥാപനമായ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷനും ചേർന്ന് വനിതകൾക്ക് ഒക്ടോബർ 28, 29, 30 തീയതികളിൽ വിവിധയിനം മസാല പൗഡർ നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. ആലുവ ഗവണ്മെന്റ് ഹോസ്പിറ്റലിനു സമീപമുള്ള ഇസാഫ് ഫൗണ്ടേഷൻ പരിശീലന കേന്ദ്രത്തിലാണ് ക്ലാസുകൾ നടക്കുക. സെഷനുകൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക, 9072600771, 04843548159.

# മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ കൈപ്പുസ്തകം പ്രകാശനം ചെയ്തു

**കൊച്ചി:** മൈനിങ് ആൻഡ് ജിയോളജി വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളെയും സേവനങ്ങളെയും കാര്യക്ഷമതയോടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി തയ്യാറാക്കിയ കൈപ്പുസ്തകം വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് പ്രകാശനം ചെയ്തു. വകുപ്പ് ലഭ്യമാക്കുന്ന വിവിധ സേവനങ്ങൾക്ക് പുറമെ അത്തരം സേവനങ്ങൾ ലഭ്യമാക്കുന്നതിലേക്കു സമർപ്പിക്കേണ്ടുന്ന രേഖകളെ സംബന്ധിച്ചും വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ടുള്ള നിയമങ്ങളെ കുറിച്ചും കൈപ്പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ളതിനാൽ ഖനന മേഖലയിൽ നിക്ഷേപം നടത്തുന്നവർക്കും ഉദ്യോഗസ്ഥർക്കും പുസ്തകം സഹായകമാകുമെന്ന് മന്ത്രി പറഞ്ഞു. സേവനങ്ങളെ സംബന്ധിച്ചുള്ള അടിസ്ഥാന വിവരങ്ങൾ പൊതു ജനങ്ങൾക്ക് ലളിതമായി മനസ്സിലാക്കാൻ സാധിക്കും. വകുപ്പിന്റെ വെബ്സൈറ്റിലും പുസ്തകത്തിന്റെ പകർപ്പ് ലഭ്യമാക്കും. ചട്ടങ്ങളിലുണ്ടാകുന്ന ഭേദഗതികൾ പെട്ടെന്ന് തിരിച്ചറിയുന്ന തരത്തിൽ അപ്ഡേറ്റ് ചെയ്യുമെന്നും മന്ത്രി വ്യക്തമാക്കി.

ഹോട്ടൽ റെസിഡൻസി ടവറിൽ നടന്ന ചടങ്ങിൽ ആന്റണി രാജു എംഎൽഎ അദ്ധ്യക്ഷനായി. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷ്, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ഡയറക്ടർ ഡോ കെ ഹരികുമാർ, അഡീഷണൽ ഡയറക്ടർ കിഷോർ, ആനി ജൂല തോമസ്, മുൻ എംഎൽഎ രാജു എബ്രഹാം തുടങ്ങിയവർ സന്നിഹിതരായിരുന്നു.

# കേക്ക് മിക്സിങ് സംഘടിപ്പിച്ചു



**കൊച്ചി :** വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം പ്രായോഗിക പരിശീലനവും നേടിയെടുക്കാൻ അവരെ പ്രാപ്തരാക്കുക എന്നതാണ് കേക്ക് മിക്സിങ് പോലെ ഇത്തരം പ്രവർത്തനങ്ങൾ കൊണ്ട് ലക്ഷ്യമിടുന്നതെന്ന് കൊച്ചി മാരിയറ്റ് എക്സിക്യൂട്ടീവ് ഷെഫ് സുരേഷ് ബാബു അഭിപ്രായപ്പെട്ടു. ഉയർന്ന ജീവിത നിലവാരം കെട്ടിപ്പടുക്കുവാൻ ഉതകുന്ന രീതിയിൽ വളരെ വലിയ വളർച്ചയാണ് ഹോസ്പിറ്റാലിറ്റി മേഖലയിൽ ഉണ്ടായി കൊണ്ടിരിക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി എം ഐ അധ്യക്ഷത വഹിച്ച ചടങ്ങിൽ ന്യൂ ഇനിഷിയേറ്റീവ് ജെയിൻ യൂണിവേഴ്സിറ്റി ഡയറക്ടർ ടോം എം ജോസഫ് മുഖ്യാതിഥിയായിരുന്നു. അസിസ്റ്റന്റ് എഫ് ആൻഡ് ബി മാനേജർ മാരിയറ്റ് കൊച്ചി മിസ്റ്റർ സൗരവ് അധികാരി, അജിത്ത് നായർ ജെയിൻ യൂണിവേഴ്സിറ്റി, ഫാ.ജെയിംസ് പാലക്കതടം സി എം ഐ, ഗൊയ്ഥെ കൊച്ചി സെന്റർ മാനേജർ സനൽ,ഗൊയ്ഥെ സെന്റർ കൊച്ചി സെന്റർ ഹെഡ് ജോസഫ് സെബാസ്റ്റ്യൻ, ചാവറ കൾച്ചറൽ സെന്റർ ആൻഡ് ചാവറ ഇൻസ്റ്റിറ്റ്യൂട്ട് ഫിനാൻസ് ഓഫീസർ ഫാ. മാത്യു കിരിയന്തൻ സി.എം.ഐ., ചാവറ ഇൻസ്റ്റിറ്റ്യൂട്ട് കൊച്ചി ഡയറക്ടർ ഫാ. ബിജു വടക്കേൽ സി.എം.ഐ. എന്നിവർ പ്രസംഗിച്ചു.

# ഭിന്നശേഷി കലാപ്രതിഭ കൂട്ടായ്മ അനുയാത്ര റിഥം ഉദ്ഘാടനം ചെയ്തു

**തിരുവനന്തപുരം:** ഗർഭാവസ്ഥ മുതൽ ഭിന്നശേഷി വ്യക്തികളെ സഹായിക്കുന്ന പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളതെന്ന് മന്ത്രി ആർ ബിന്ദു പറഞ്ഞു. സാമൂഹ്യ നീതി വകുപ്പിന് കീഴിൽ കലാപ്രതിഭകളുടെ സംസ്ഥാന ആർട്ട് ഗ്രൂപ്പായ അനുയാത്ര റിഥം തിരുവനന്തപുരം ലുലു മാളിൽ ഉദ്ഘാടനം ചെയ്യുകായിരുന്നു മന്ത്രി.

കേരള സാമൂഹ്യ സുരക്ഷാ മിഷനും കേരള ഡെവലപ്പ്മെന്റ് ആൻഡ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിലും സംയുക്തമായി രണ്ടു ഘട്ടമായി നടപ്പിലാക്കിയ ടാലന്റ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസെബിലിറ്റീസ് എന്ന പദ്ധതി വഴി കലാ സാഹിത്യ മേഖലകളിൽ കഴിവും പ്രാഗത്ഭ്യവും തെളിയിച്ചിട്ടുള്ള ഭിന്നശേഷിക്കാരിൽ നിന്ന് മികവാർന്ന പ്രകടനം കാഴ്ചവെച്ച 28 പ്രതിഭകളെ ഉൾപ്പെടുത്തിയാണ് അനുയാത്ര റിഥം ഒരുക്കിയത്.

ഭിന്നശേഷി സൗഹൃദ സംസ്ഥാനമായി മാറുന്നതിന്റെ ഭാഗമായി നിരവധി പദ്ധതികൾ കേരളം നടപ്പാക്കി. മുൻകൂട്ടി ഭിന്നശേഷി അവസ്ഥകൾ തിരിച്ചറിയുന്നതിനും പരിഹരിക്കുന്നതിനുമായി ഇന്റർവെൻഷൻ സെന്ററുകളും, ഡിറ്റക്ഷൻ സെന്ററുകളും സംസ്ഥാനത്ത് ആരംഭിച്ചു.

ഓട്ടിസമുള്ള കുട്ടികളുടെ സ്ക്രീനിംഗിനും ഇടപെടൽ സേവനങ്ങൾ നൽകുന്നതിനുമായി അഞ്ച് മെഡിക്കൽ കോളേജുകളിൽ ഓട്ടിസം സ്ക്രീനിംഗ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഇതേ സേവനം ഗ്രാമപ്രദേശങ്ങളിലും എത്തിക്കുന്നതിനായി മൊബൈൽ ഓട്ടിസം സ്ക്രീനിംഗ് സെന്ററുകളും ആരംഭിച്ചിട്ടുണ്ട്.

സ്വയംപര്യാപ്ത ജീവിതത്തിനായി വരുമാന ദായക തൊഴിലുകളിലേക്ക് ഭിന്നശേഷി വ്യക്തികളെ നയിക്കണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. സംരഭകത്വ താൽപര്യത്തിലേക്കും നൈപുണ്യ വികസനത്തിലേക്കും നയിക്കുന്നതിന്റെ മികച്ച ഉദാഹരണമാണ് അനുയാത്ര റിഥം എന്ന കലാപ്രതിഭകളുടെ ട്രൂപ്പ്. സർഗ വാസനകൾ വേദിയിലെത്തിച്ച് ലോകത്തിന് ആനന്ദം നൽകുന്നതോടൊപ്പം സ്വയം ആനന്ദം സൃഷ്ടിക്കാൻ കഴിയട്ടെയെന്നും മന്ത്രി ആശംസിച്ചു.

കടകംപള്ളി സുരേന്ദ്രൻ എം എൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽ ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേംകുമാർ, സാംസ്കാരിക ക്ഷേമനിധി ബോർഡ് ചെയർമാൻ മധുപാൽ, ഭിന്ന ശേഷി ക്ഷേമ കോർപ്പറേഷൻ ചെയർപേഴ്സൺ ജയഡാളി, നർത്തകി മേതിൽ ദേവിക, സിനിമാ താരങ്ങളായ സന്തോഷ് കീഴാറ്റൂർ, പ്രിയങ്ക, ജോബി തുടങ്ങിയവർ സംബന്ധിച്ചു.

# ശബരിമലയിൽ പുതിയ സൗകര്യങ്ങൾ ഒരുക്കി

**തിരുവനന്തപുരം:** മണ്ഡലമകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ശബരിമലയിൽ പുതിയ സൗകര്യങ്ങൾ ഒരുക്കിയതായി മുഖ്യമന്ത്രി പിണറായി വിജയൻ. ശബരിമലയിൽ ഗസ്റ്റ്ഹൗസുകൾ നിർമ്മിച്ചുവരികയാണെന്നും നിലയ്ക്കലിൽ രണ്ടായിരത്തോളം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയതായും ഭക്തർക്ക് അരവണ സുഗമമായി ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയതായും അറിയിച്ചു. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അങ്കണത്തിൽ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടേയും സൗജന്യ ഡയാലിസിസ് കേന്ദ്രങ്ങളുടേയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. സമ്പൂർണ ഡിജിറ്റൈസേഷൻ പ്രഖ്യാപനവും മുഖ്യമന്ത്രി നടത്തി.

ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പൂർത്തിയാക്കാനായി. ഇതിന്റെ പ്രവർത്തനങ്ങളിൽ ജീവനക്കാരും പ്രധാന പങ്ക് വഹിച്ചു. ഇതിലൂടെ ബോർഡിന് കൂടുതൽ മികവോടെ കാര്യക്ഷമമായി പ്രവർത്തിക്കാനാകും. വിവരങ്ങൾ കൃത്യമായി എല്ലാവരിലും എത്തിക്കാൻ ഡിജിറ്റൈസേഷൻ സഹായകമാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.ശബരിമലയിൽ കിഫ്ബി പദ്ധതിയിലൂടെ 130 കോടിരൂപ ചെലവിട്ട് നാല് ഇടത്താവളങ്ങൾ സർക്കാർ നടപ്പാക്കിവരികയാണെന്ന് അദ്ധ്യക്ഷനായിരുന്ന ദേവസ്വം വകുപ്പ് മന്ത്രി വി എൻ വാസവൻ പറഞ്ഞു. യാത്രാ സൗകര്യം, ആരോഗ്യപരിപാലനം, ദാഹജലം, വൈദ്യുതി, പാർക്കിംഗ്, പൊലീസ് സേവനം ഉൾപ്പെടെ വിപുലമായ എല്ലാ ക്രമീകരണങ്ങളും ഉറപ്പാക്കാനുള്ള പരിശ്രമത്തിലാണ്. ബന്ധപ്പെട്ട എല്ലാ വകുപ്പുകളുമായി നിരന്തരം ചർച്ച നടത്തി അവലോകനയോഗങ്ങൾ സംഘടിപ്പിച്ചുവരികയാണെന്നും മന്ത്രി പറഞ്ഞു. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ വയനാടിനുള്ള സഹായമായി 1 കോടി രൂപ ചടങ്ങിൽ മുഖ്യമന്ത്രിക്ക് കൈമാറി.

ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ, അഡ്വ വി കെ പ്രശാന്ത് എംഎൽഎ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി എസ് പ്രശാന്ത്, ബോർഡ് അംഗങ്ങളായ അഡ്വ എ അജികുമാർ, ജി സുന്ദരേശൻ, കവി വി. മധുസൂദനൻ നായർ, ദേവസ്വം ബോർഡ് ഐടി ഉപദേശകനും ഫോറൻസിക് വിദഗ്ധനുമായ ഡോ. പി വിനോദ് ഭട്ടതിരിപ്പാട്, സെക്രട്ടറി എസ് ബിന്ദു, മുൻ പ്രസിഡന്റ് പത്മകുമാർ, ചീഫ് എൻജിനീയർ രഞ്ജിത്ത് കെ ശേഖർ, ദേവസ്വം കമ്മീഷണർ ചടങ്ങിൽ സംബന്ധിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# സ്തനാർബുദത്തെ അതിജീവിച്ചവരുടെ ഒത്തുചേരൽ സംഘടിപ്പിച്ച് ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** 'ക്യാൻസർ അവസാന വാക്കല്ല. അവരോടൊപ്പം നിൽക്കുക, ധൈര്യശാലികളാവുക. അതുമാത്രമാണ് നമുക്ക് അവർക്ക് നൽകാനാകുന്ന പിന്തുണ.'അമ്മയുടെ വെല്ലുവിളി നിറഞ്ഞ സ്തനാർബുദ പോരാട്ടയാത്ര പങ്കുവച്ചുകൊണ്ട് ജനപ്രിയ ചലച്ചിത്രതാരം സ്മിനു പറഞ്ഞു. ലോക സ്തനാർബുദ ബോധവത്കരണ മാസാചരണത്തിന്റെ ഭാഗമായി സർവൈവേഴ്സ് മീറ്റ് എന്ന പേരിൽ ആസ്റ്റർ മെഡ്സിറ്റി സംഘടിപ്പിച്ച സ്തനാർബുദത്തെ അതിജീവിച്ചവരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ. പോസറ്റീവ് എനർജിയുടെ പ്രാധാന്യം ഓർമ്മിപ്പിച്ച് 'നിങ്ങൾക്ക് പുഞ്ചിരിക്കുന്ന മുഖവുമായി വരാൻ കഴിയുമെങ്കിൽ വരൂ, ഇല്ലെങ്കിൽ ദയവായി വരരുത് ' എന്ന് ബന്ധുക്കളോട് പറഞ്ഞിരുന്നതും അവർ ഓർത്തെടുത്തു.

സ്തനാർബുദത്തെ അതിജീവിച്ചവരെ ആദരിക്കുന്നതിനായി നടത്തിയ പരിപാടിയിൽ ആസ്റ്റർ മെഡ്സിറ്റിയുടെ ഓങ്കോളജി ടീമിൽ നിന്നുള്ള വിദഗ്ദ്ധർ പ്രധാന അറിവുകൾ പങ്കുവച്ചു. സ്തനാർബുദത്തെ അതിജീവിച്ച മുപ്പതോളം പേർ കുടുംബസമേതം ചടങ്ങിൽ പങ്കെടുത്തു. ആസ്റ്റർ മെഡ്സിറ്റിയുടെ സ്തനാർബുദ ബോധവൽക്കരണ സംരംഭമായ സഖി, ഐടി പാർക്കുകൾ, കോളേജുകൾ, റസിഡൻസ് അസോസിയേഷനുകൾ, ക്ലബ്ബുകൾ തുടങ്ങി വിവിധ ഇടങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്. ഇതിന്റെ പ്രവർത്തനം കൂടുതലിടങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ചടങ്ങിൽ സഖി 3.ീ യ്ക്കും തുടക്കമിട്ടു.സ്തനാർബുദ ചികിത്സയിലെ പുരോഗതിയെക്കുറിച്ചും നേരത്തെ കണ്ടെത്തേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും മെഡിക്കൽ സീനിയർ കൺസൾട്ടന്റ് ഡോ. അരുൺ ആർ. വാര്യർ, സർജിക്കൽ ഓങ്കോളജി സീനിയർ കൺസൾട്ടന്റ് ഡോ. ജെം കളത്തിൽ, സർജിക്കൽ ഓങ്കോളജി കൺസൾട്ടന്റ് ഡോ. ശരത് എസ്, കേരള മെഡിക്കൽ ഡയറക്ടർ ഡോ. സൂരജ് കെ.എം, റേഡിയേഷൻ ഓങ്കോളജി സീനിയർ കൺസൾട്ടന്റ് ഡോ. ദുർഗാപൂർണ തുടങ്ങിയവർ സംസാരിച്ചു. പരിപാടിയിൽ ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും മറ്റു ജീവനക്കാരും പങ്കെടുത്തു.




**എറണാകുളം പ്രസ്ക്ലബിൽ നടന്ന ചടങ്ങിൽ ഷിഫ അൽ ജസീറാ മീഡിയ എക്സലൻസ് അവാർഡ് 2024 സമ്മാനിച്ച് ജസ്റ്റിസ് കെമാൽ പാഷ സംസാരിക്കുന്നു. സുരേഷ് എടപ്പാൾ, മാതു സജി, അളകനന്ദ, ഹാഷ്മി താജ് ഇബ്രാഹിം, ഷിഫ അൽ ജസീറ മെഡിക്കൽ ഗ്രൂപ്പ് സിഇഒ ഹബീബ് റഹ്മാൻ, മാനേജർ യു ഇബ്രാഹിം എന്നിവർ സമീപം.**

# ജനാധിപത്യം കാത്തുസൂക്ഷിക്കുന്നത് മാധ്യമങ്ങൾ : ജസ്റ്റിസ് ബി കെമാൽ പാഷ

**കൊച്ചി :** ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതും കാത്തുസൂക്ഷിക്കുന്നതും മാധ്യമ പ്രവർത്തകരും മാധ്യമങ്ങളുമാണെന്ന് റിട്ട ജസ്റ്റിസ് ബി കെമാൽ പാഷ . ഷിഫ അൽ ജസീറാ മീഡിയ എക്സലൻസ് അവാർഡ് 2024 സമ്മാനിച്ച് സംസാരിക്കുകയിരുന്നു അദ്ദേഹം. ജനാധിപത്യത്തിൻറെ നാലാം തൂണായ മാധ്യമങ്ങൾ മാത്രമാണ് ചിതലരിക്കാതെ ഇപ്പോഴും നിലനിൽക്കുന്നത്. മറ്റു മൂന്ന് തൂണുകൾക്കും ബലക്ഷയം സംഭവിച്ചുതുടങ്ങി. സത്യസന്ധമായി പ്രവർത്തിച്ചാൽ ചിലപ്പോൾ ഭയപ്പെടുത്താൻ ശ്രമിച്ചേക്കാം. എന്നാൽ ആരെയും ഭയക്കാതെ സത്യം വിളിച്ചുപറയാൻ മാധ്യമ പ്രവർത്തകർ ഉണ്ടാകണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ആനുകാലിക വിഷയങ്ങളിൽ നിന്നും ജനങ്ങളുടെ ശ്രദ്ധ തിരിച്ചുവിടാൻ ഭരണകൂടം പുതിയ വാർത്തകൾ സൃഷ്ടിക്കും. പണ്ട് തമസ്കരിക്കപ്പെട്ട പലതും തിരിച്ചുവരുന്നു. ന്യായാധിപന്മാർ പോലും സത്യത്തിൽ നിന്നും വ്യതിചലിക്കുന്ന കാഴ്ചയാണ് സമീപകാലത്തുണ്ടായ ചില വിധിന്യായങ്ങൾ വെളിപ്പെടുത്തുന്നതെന്നും അദ്ദേഹം പറഞ്ഞു. .

മീഡിയ എക്സലൻസ് അവാർഡിന് അർഹരായ ഏഷ്യാനെറ്റ് ന്യൂസ് ന്യൂസ് എഡിറ്റർ അളകനന്ദ, 24 ന്യൂസ് സീനിയർ ന്യൂസ് എഡിറ്റർ ഹാഷ്മി താജ് ഇബ്രാഹിം, മാതൃഭൂമി ന്യൂസ് ചീഫ് സബ് എഡിറ്റർ മാതു സജി എന്നിവർക്ക് അഞ്ചു ലക്ഷം രൂപയും മെമൻറൊയും ഉൾപ്പെടുന്ന അവാർഡ് ജസ്റ്റിസ് കെമാൽ പാഷ സമ്മാനിച്ചു.

എറണാകുളം പ്രസ്സ് ക്ലബ് ഹാളിൽ നടന്ന ചടങ്ങിൽ ഷിഫ അൽ ജസീറ ഹോസ്പിറ്റൽ സിഇഒ ഹബീബ് റഹ്മാൻ അധ്യക്ഷത വഹിച്ചു.

കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി സുരേഷ് എടപ്പാൾ, എറണാകുളം പ്രസ്സ് ക്ലബ് സെക്രട്ടറി എം ഷജിൽ കുമാർ, അവാർഡ് ജേതാക്കളായ അളകനന്ദ, ഹാഷ്മി താജ് ഇബ്രാഹിം, മാതു സജി എന്നിവർ സംസാരിച്ചു. ഷിഫ അൽ ജസീറ മെഡിക്കൽ ഗ്രൂപ്പ് ചെയർമാൻ ഡോ കെ ടി റബിയുള്ള ആശംസ സന്ദേശം നൽകി. മാനേജർ യു ഇബ്രാഹിം സ്വാഗതവും ജലീൽ അരൂക്കുറ്റി നന്ദിയും പറഞ്ഞു.

## ഇന്ത്യൻ ജിയോ ടെക്നിക്കൽ സൊസൈറ്റി: ഡോ. അനിൽ ജോസഫ് ദേശീയ പ്രസിഡന്റ്



**കൊച്ചി:** ഇന്ത്യൻ ജിയോ ടെക്നിക്കൽ സൊസൈറ്റിയുടെ (ഐ ജി എസ്) 2025 27 വർഷത്തെ ദേശീയ പ്രസിഡന്റായി ഡോ. അനിൽ ജോസഫ് രണ്ടാം തവണയും തെരഞ്ഞെടുക്കപ്പെട്ടു. 1948ൽ സ്ഥാപിച്ച ഐ ജി എസ് ഇന്ത്യയിൽ ജിയോ ടെക്നിക്കൽ എഞ്ചിനീയറിംഗ് മികവ് പ്രോത്സാഹിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു. പ്രൊഫഷണലുകൾ, അക്കാദമിക് വിദഗ്ധർ, ഗവേഷകർ എന്നിവർക്കുള്ള പ്രധാന പ്ലാറ്റ്ഫോം എന്ന നിലയിൽ അറിവ് പങ്കിടുകയും നിർണായക വെല്ലുവിളികളെ അഭിമുഖീകരിച്ച് പരിഹാരങ്ങൾ കാണുകയും ചെയ്യുന്നു.ഇന്റർനാഷണൽ സൊസൈറ്റി ഓഫ് സോയിൽ മെക്കാനിക്സ് ആൻഡ് ഫൗണ്ടേഷൻ എഞ്ചിനീയറിംഗുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്ന ഐ ജി എസിന് രാജ്യവ്യാപകമായി 55 പ്രാദേശിക ചാപ്റ്ററുകളിലായി 6,000ലധികം എഞ്ചിനീയർമാർ, ജിയോളജിസ്റ്റുകൾ, ശാസ്ത്രജ്ഞർ തുടങ്ങി അംഗങ്ങളുണ്ട്.



## കണ്ണൂരിൽ കളരിപ്പയറ്റ് ഗ്രാൻഡ് മഹോത്സവം: പയ്യമ്പള്ളി കളരി സംഘം ജേതാക്കൾ

**കണ്ണൂർ:** ഉഷ ഇന്റർനാഷണൽ, മലബാർ സോഷ്യൽ സർവീസ് സൊസൈറ്റി, കളരി ഓർഗനൈസേഷൻ എന്നിവയുമായി ചേർന്ന് നടത്തിയ ഉഷ കളരിപ്പയറ്റ് ഗ്രാൻഡ് മഹോത്സവ്' സമാപിച്ചു. കണ്ണൂരിലെ വിവിധ പ്രാദേശിക കളരിപ്പയറ്റ് സംഘങ്ങളിൽ നിന്നും 15 ടീമുകളിലായി 162 പേരാണ് മത്സരത്തിൽ പങ്കെടുത്തത്. പയ്യമ്പള്ളി കളരി സംഘം ഒന്നാം സ്ഥാനത്തും ഹിന്ദുസ്ഥാൻ കളരി സംഘം രണ്ടാം സ്ഥാനത്തുമെത്തി. ഗുരുകൃപ കളരി സംഘമാണ് മൂന്നാമത്. പള്ളിക്കുന്നിലെ ശ്രീപുരം ഇംഗ്ലീഷ് മീഡിയം സ്കൂൾ ഓഡിറ്റോറിയത്തിലെ പോരാട്ടവേദി, കേരളത്തിന്റെ തനത് കലാസാംസ്കാരിക പൈതൃകങ്ങളുടെ ആഘോഷത്തിനും സാക്ഷിയായി.കോട്ടയം അതിരൂപതയിലെ സഹായ മെത്രാൻ, ബിഷപ്പ് മാർ ജോസഫ് പണ്ടാരശ്ശേരിൽ, കണ്ണൂരിലെ ബർമറിയം പാസ്റ്ററൽ കേന്ദ്രത്തിലെ ഡയറക്ടർ ഫാ. ജോയ് കാട്ടിയങ്കൽ, കണ്ണൂർ കളരിപ്പയറ്റ് അസോസിയേഷന്റെ പ്രസിഡന്റ് ശ്രീ. ശശീന്ദ്രൻ, എംജിഎസ് കളരി സംഘത്തിലെ ശ്രീ. ദിനേശൻ ഗുരുക്കൾ എന്നിവർ മുഖ്യാതിഥികളായി പങ്കെടുത്തു. വിജയികൾക്ക് ക്യാഷ് പ്രൈസും ട്രോഫികളും സർട്ടിഫിക്കറ്റുകളും സമ്മാനിച്ചു. ലോകത്തിലെ ഏറ്റവും പ്രാചീനമായ ആയോധനകലകളിലൊന്നായ കളരിപ്പയറ്റിന് ഇന്നത്തെ ചെറുപ്പക്കാർക്കിടയിലും മികച്ച സ്വീകാര്യത കിട്ടുന്നതിൽ സന്തോഷമുണ്ടെന്ന് ഉഷ ഇന്റർനാഷനലിന്റെ സ്പോർട്സ് ഇനീഷിയേറ്റീവ്സ് ആൻഡ് അസോസിയേഷൻസ് മേധാവി കോമൾ മെഹ്റ പറഞ്ഞു.

## പൊതുതാൽപര്യ ഹർജി ഫയൽ ചെയ്തു

**കൊച്ചി:** റീഫർബിഷ് ചെയ്ത മെഡിക്കൽ ഉപകരണങ്ങളിൽ ആശങ്ക ചൂണ്ടിക്കാട്ടി പേഷ്യന്റ് സേഫ്റ്റി ആൻഡ് ആക്സസ് ഇനിഷ്യേറ്റീവ് ഓഫ് ഇന്ത്യ ഫൗണ്ടേഷൻ (പിഎസ്എഐഐഎഫ്) ഡൽഹി ഹൈക്കോടതിയിൽ പൊതുതാൽപര്യ ഹർജി ഫയൽ ചെയ്തു.മതിയായ അംഗീകാരങ്ങളോ അനുമതിയോ നേടാതെ റീഫർബിഷ് ചെയ്ത മെഡിക്കൽ ഉപകരണങ്ങൾ ഇന്ത്യയിലേക്ക് അനധികൃതമായി ഇറക്കുമതി ചെയ്യുന്നത് പൊതുജനാരോഗ്യം, ഇന്ത്യയുടെ സ്വാശ്രയത്വം എന്നിവയിൽ കാര്യമായ ആശങ്കകൾ ഉയർത്തുന്ന ഒരു പ്രധാന പ്രശ്നമാണെന്ന് ഹർജിയിൽ വ്യക്തമാക്കിയിട്ടുള്ളതായി പിഎസ്എഐഐഎഫ് സ്ഥാപകൻ പ്രൊഫസർ ബെജോൺ കുമാർ മിശ്ര പറഞ്ഞു.

## ഐഎസ്എൽ: കൊച്ചി മെട്രോ സർവ്വീസ് രാത്രി 11 വരെ

**കൊച്ചി:** ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ ചാംപ്യൻഷിപ്പിന്റെ ഭാഗമായി കലൂർ രാജ്യാന്തര സ്റ്റേഡിയത്തിൽ നാളെ നടക്കുന്ന കേരള ബ്ലാസ്റ്റേഴ്സ്-ബംഗളുരു എഫ്.സി മൽസരത്തിനോടനുബന്ധിച്ച് ജെഎൽഎൻ സ്റ്റേഡിയത്തിൽ നിന്ന് ആലുവയിലേക്കും തൃപ്പൂണിത്തുറയിലേക്കുമുള്ള അവസാന സർവ്വീസ് രാത്രി 11 മണിക്കായിരിക്കും പുറപ്പെടുന്നതെന്ന് കൊച്ചി മെട്രോ അധികൃതർ അറിയിച്ചു. ഐഎസ്എൽ മത്സരങ്ങൾ നടക്കുന്ന സമയത്ത് യാത്രക്കാർക്ക് വേണ്ടി അധിക യാത്രകളും, മറ്റ് പ്രത്യേക ക്രമീകരണങ്ങളും ജെഎൽഎൻ സ്റ്റേഡിയം സ്റ്റേഷനിൽ ഏർപ്പെടുത്തിയിട്ടുണ്ടെന്നും കൊച്ചി മെട്രോ അധികൃതർ വ്യക്തമാക്കി.

# ടിസിഎസ് ഇൻക്വിസിറ്റീവ് കൊച്ചി എഡിഷനിൽ ആദിത്യ കെ. ബിക്ക് വിജയം

**കൊച്ചി:** ടാറ്റാ കൺസൾട്ടൻസി സർവീസസ് സംഘടിപ്പിക്കുന്ന വാർഷിക സ്കൂൾ ക്വിസ് മത്സരമായ ടിസിഎസ് ഇൻക്വിസിറ്റീവ് 2024 ന്റെ കൊച്ചി എഡിഷനിൽ ചാലക്കുടി വിജയഗിരി പബ്ലിക് സ്കൂളിലെ 9ാം ക്ലാസ് വിദ്യാർത്ഥി ആദിത്യ കെബി വിജയിയായായി. കഴിഞ്ഞ വർഷത്തെ ടിസിഎസ് ഇൻക്വിസിറ്റീവ് ക്വിസ് മത്സരത്തിൻറെ ദേശീയ തല വിജയി കൂടെയാണ് ആദിത്യ.



കോത്തഗിരി സെൻറ് ജൂഡ്സ് പബ്ലിക് സ്കൂളിലെ 10ാം ക്ലാസ് വിദ്യാർത്ഥിനിയായ എൻ.പി.വിസ്മയ കൊച്ചി എഡിഷൻ മത്സരത്തിൽ രണ്ടാമതെത്തി. ടിസിഎസ് ഇൻക്വിസിറ്റീവ് 2024 ക്വിസ് മത്സരത്തിൻറെ ദേശീയ ഫൈനലിൽ കൊച്ചിയെ പ്രതിനിധീകരിച്ച് ആദിത്യയും വിസ്മയയും മറ്റ് 11 പ്രാദേശിക റൗണ്ടുകളിലെ വിജയികളുമായി മത്സരിക്കും.8 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച പരിപാടിയിൽ 54 സ്കൂളുകളിൽ നിന്നുള്ള 500 ലധികം വിദ്യാർത്ഥികൾ പങ്കെടുത്തു. കൊച്ചിൻ ഷിപ്പ്‌യാർഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മധു എസ് നായർ, ടിസിഎസ് വൈസ് പ്രസിഡൻറും കേരള ഡെലിവറി സെൻറർ മേധാവിയുമായ ദിനേശ് തമ്പി എന്നിവർ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.ടിസിഎസ് ഇൻക്വിസിറ്റിവിൽ നമ്മുടെ യുവതലമുറ പ്രദർശിപ്പിച്ച അറിവും കഴിവും ഊർജ്ജവും അവർ ഇന്നത്തെ യാഥാർത്ഥ്യങ്ങളുമായി പൂർണ്ണമായും പൊരുത്തപ്പെടുന്നുവെന്ന് വ്യക്തമാക്കുന്നുവെന്നും ഇത് രാജ്യത്തിൻറെ ഭാവിയെക്കുറിച്ച് വലിയ പ്രതീക്ഷ നൽകുന്നുവെന്നും കൊച്ചിൻ ഷിപ്പ്‌യാർഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മധു എസ് നായർ പറഞ്ഞു. പഠിക്കുന്നതിനും അറിവ് പങ്കിടുന്നതിനുമുള്ള മികച്ച പ്ലാറ്റ്ഫോമാണ് ടിസിഎസ് ഇൻക്വിസിറ്റീവ് എന്നും അദ്ദേഹം പറഞ്ഞു.വിദ്യാർത്ഥികളിൽ ജിജ്ഞാസയും സാങ്കേതിക പഠനവും വളർത്തിക്കൊണ്ട് ടിസിഎസ് എപ്പോഴും യുവ പ്രതിഭകളെ പ്രോത്സാഹിപ്പിച്ചിട്ടുണ്ടെന്നും വിദ്യാർത്ഥികൾക്ക് അവരുടെ കഴിവുകൾ പരീക്ഷിക്കാനും ദേശീയ വേദിയിൽ പ്രദർശിപ്പിക്കാനും ടിസിഎസ് ഇൻക്വിസിറ്റീവ് മികച്ച അവസരമാണ് നൽകുന്നതെന്നും ടിസിഎസ് വൈസ് പ്രസിഡൻറും കേരള ഡെലിവറി സെൻറർ ഹെഡുമായ ദിനേശ് തമ്പി പറഞ്ഞു.

# ടാറ്റയുടെ കസ്റ്റമർ കെയർ മഹോത്സവ്

**കൊച്ചി:** ടാറ്റ മോട്ടോഴ്സ് വാണിജ്യ വാഹന ഉപഭോക്താക്കൾക്കായി സമഗ്രമായ ഉപഭോക്തൃ സേവന സമ്പർക്ക പരിപാടിയായ കസ്റ്റമർ കെയർ മഹോത്സവ് 2024 അവതരിപ്പിച്ചു. 2024 ഡിസംബർ 24 വരെയാണ് രാജ്യവ്യാപകമായി പരിപാടി സംഘടിപ്പിക്കുന്നത്. രാജ്യത്തുടനീളമുള്ള 2500ലധികം അംഗീകൃത സേവന ഔട്ട്ലറ്റുകളിൽ ഫ്ളീറ്റ് ഉടമകളെയും ഡ്രൈവർമാരെയും ഒരുമിച്ചു കൊണ്ടുവന്ന് സവിശേഷവും മൂല്യവർദ്ധിതവുമായി ഈ പരിപാടി വഴി സമഗ്രമായ ചർച്ചകൾ സംഘടിപ്പിക്കും. മഹോത്സവ് വഴി ഉപഭോക്താക്കൾക്ക് പരിശീലനം ലഭിച്ച സാങ്കേതിക വിദഗ്ധർ നടത്തുന്ന വാഹന പരിശോധനയും മൂല്യവർധിത സേവനങ്ങളുൾപ്പടെയുള്ള നിരവധി ആനുകൂല്യങ്ങൾ ലഭിക്കും. കൂടാതെ, സമ്പൂർണ സേവ 2.0 സംരംഭത്തിന് കീഴിൽ അനുയോജ്യമായ ഓഫറുകൾക്കൊപ്പം സുരക്ഷിതവും ഇന്ധനക്ഷമതയുള്ളതുമായ ഡ്രൈവിംഗ് രീതികളെ കുറിച്ച് ഡ്രൈവർമാർക്ക് വിപുലമായ പരിശീലനം ലഭിക്കും. കസ്റ്റമർ കെയർ മഹോത്സവം ഈ വർഷം തിരികെ കൊണ്ടുവരാൻ സാധിച്ചതിൽ തങ്ങൾ സന്തുഷ്ടരാണെന്ന് കസ്റ്റമർ കെയർ മഹോത്സവ് 2024 എഡിഷൻ ലോഞ്ച് ചെയ്തുകൊണ്ട് ടാറ്റാ മോട്ടോഴ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ ഗിരീഷ് വാഗ് പറഞ്ഞു. 1954ൽ ഇതേ ദിവസം ഞങ്ങളുടെ ആദ്യത്തെ വാണിജ്യ വാഹനം വിറ്റതിനാൽ ഈ ദിനത്തിന് ഞങ്ങൾക്ക് ഒരു പ്രത്യേക പ്രാധാന്യമുണ്ട്, ഇപ്പോൾ ഞങ്ങൾ അത് കസ്റ്റമർ കെയർ ദിനമായി ആഘോഷിക്കുന്നു. സൂക്ഷ്മമായ വാഹന പരിശോധനകളിലൂടെയും വൈവിധ്യമാർന്ന ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്യുന്നതിലൂടെയും മികച്ച ഇൻക്ലാസ് സേവനം നൽകാനുള്ള ഞങ്ങളുടെ പ്രതിബദ്ധതയാണ് ഈ മഹോത്സവം പ്രതിഫലിപ്പിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## മികച്ച ഇനോവേറ്റീവ് സ്കൂളായി കെ.എസ്.യു എമ്മിന്റെ ഹാഷ് ഫ്യൂച്ചർ സ്കൂൾ



**കൊച്ചി:** ദുബായിയിൽ നടന്ന വേൾഡ് സ്കൂൾ സമ്മിറ്റിൽ മികച്ച ഇന്നോവേറ്റീവ് സകൂളായി കേരള സ്റ്റാർട്ടപ്പ് മിഷനിൽ ഇൻകുബേറ്റ് ചെയ്ത ഹാഷ് ഫ്യൂച്ചർ സ്കൂൾ തെരഞ്ഞെടുക്കപ്പെട്ടു. 23 രാജ്യങ്ങളിൽ നിന്നുള്ള സ്കൂളുകളാണ് ഈ ഉച്ചകോടിയിൽ പങ്കെടുത്തത്. നിർമ്മിതബുദ്ധിയിൽ അധിഷ്ഠിതമായ സ്കൂൾ വിദ്യാഭ്യാസം എന്ന ആധുനിക കരിക്കുലം പിന്തുടരുന്നതാണ് ഹാഷ് ഫ്യൂച്ചർ സ്കൂളിനെ പുരസ്ക്കാരത്തിനർഹമാക്കിയതെന്ന് ജൂറി വിലയിരുത്തി. ദുബായിൽ നടന്ന ചടങ്ങിൽ ചേതൻ ഭഗത് പുരസ്കാരദാനം നടത്തി. ഇത്തരം ആഗോളവേദിയിൽ ഇന്ത്യയെ പ്രതിനിധീകരിക്കാൻ കഴിഞ്ഞത് ഏറെ അഭിമാനാർഹമായ മുഹൂർത്തമാണെന്ന് ഹാഷ് ഫ്യൂച്ചർ സ്കൂൾ സിഇഒയും സഹസ്ഥാപകനുമായ ഷിഹാബുദ്ദീൻ പത്തനായത്ത് പറഞ്ഞു.

## ഫെഡ്ഫിന: പർവേസ് മുല്ല എംഡി



**കൊച്ചി:** പ്രമുഖ ബാങ്ക് ഇതര ധനകാര്യ സ്ഥാപനമായ ഫെഡ്ഫിനയുടെ എംഡിയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി പർവേസ് മുല്ലയെ നിയമിക്കാൻ ഡയറക്ടർ ബോർഡ് തീരുമാനം. മൂന്നു വർഷത്തേക്കാണ് നിയമനം. ഓഹരി ഉടമകളുടെ അംഗീകാരത്തിന് അനുസൃതമായി നവംബർ 11 മുതൽ നിയമനം പ്രാബല്യത്തിൽ വരും. വായ്പ, റീട്ടെയിൽ ബാങ്കിംഗ്, ഇൻഷുറൻസ് മേഖലകളിൽ 28 വർഷത്തെ അനുഭവസമ്പത്തുള്ള പർവേസ് മുല്ല, എച്ച്.ഡി.എഫ്.സി ലൈഫിന്റെ സി ഒ ഒ, ട്രൂ നോർത്തിന്റെ മാനേജിംഗ് ഡയറക്ടർ, എൽ ആന്റ് ടി ഫിനാൻസ് റീട്ടെയിൽ വിഭാഗത്തിന്റെ ചീഫ് എക്സിക്യൂട്ടീവ്, ഐസിഐസിഐ ബാങ്ക് ജനറൽ മാനേജർ എന്നീ പദവികളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ബ്ലൂം വെഞ്ചേഴ്സിൽ ഫിൻടെക് ഉപദേഷ്ടാവായും എച്ച്.ഡി.എഫ്.സി പെൻഷൻ, നോർത്ത് ഈസ്റ്റ് സ്മോൾ ഫിനാൻസ് ബാങ്ക് എന്നിവയുടെ ബോർഡ് അംഗമായും പ്രവർത്തിച്ചിട്ടുണ്ട്.സാമ്പത്തിക സേവന മേഖലയിലെ മാറ്റങ്ങൾക്കനുസൃതമായി ഫെഡ്ഫിനയെ നയിച്ച് മികച്ച ബിസിനസ് വളർച്ച കൈവരിക്കാൻ പർവേസ് മുല്ലയുടെ സുദീർഘമായ അനുഭവസമ്പത്തും നേതൃത്വ മികവും സഹായകമാവുമെന്ന് ഫെഡ് ബാങ്ക് ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിന്റെ നോൺ എക്സിക്യൂട്ടീവ് ചെയർമാനായ ശ്യാം ശ്രീനിവാസൻ പറഞ്ഞു.




## യൂട്യൂബ് ചാനൽ പുറത്തിറക്കി ആകാശ്

**കൊച്ചി:** ആകാശ് എജുക്കേഷനൽ സർവീസസ് ലിമിറ്റഡ് 8 മുതൽ 12 വരെ ക്ലാസുകളിലെ നീറ്റ്, ജെഇഇ പരീക്ഷകൾക്ക് തയാറെടുക്കുന്ന വിദ്യാർത്ഥികൾക്കായി പുതിയ മലയാളം യുട്യൂബ് ചാനൽ ലോഞ്ച് ചെയ്തു. തിരുവനന്തപുരത്ത് നടന്ന ലോഞ്ചിംഗ് ചടങ്ങിൽ സീനിയർ അക്കാഡമിക് ഡയറക്ടർ മിഥുൻ രാമചന്ദ്രൻ , ബ്രാഞ്ച് ഹെഡ് ഐ.പി പ്രജിൻ, ഏരിയ സെയ്ൽസ് ഹെഡ് മുകേഷ് മുരളി, അക്കാദമിക് ഡയറക്ടർ ആനന്ദ് കുമാർ കുഷ് വ , കോർപ്പറേറ്റ് കമ്യൂണിക്കേഷൻ ഹെഡ് വരുൺ സോണി എന്നിവർ പങ്കെടുത്തു.

## ആദിത്യ ബിർല സൺ ലൈഫ് ഇൻഷുറൻസ് ശമ്പള സുരക്ഷാ പോളിസി അവതരിപ്പിച്ചു

**കൊച്ചി:** ആദിത്യ ബിർല സൺ ലൈഫ് ഇൻഷുറൻസും പോളിസിബസാറും കൈകോർത്ത് ശമ്പള സുരക്ഷ ഉറപ്പാക്കുന്ന പുതിയ ടേം ഇൻഷുറൻസ് പോളിസി അവതരിപ്പിച്ചു. പോളിസി ഉടമകൾക്ക് അവരുടെ അസാന്നിധ്യത്തിലും കുടുംബത്തിനായി പ്രതിമാസ വരുമാന ലഭ്യത ഉറപ്പാക്കാൻ സൗകര്യമൊരുക്കുന്നതാണ് ഈ ഇൻകം സുരക്ഷാ പ്ലാൻ. സാധാരണ ടേം ഇൻഷുറൻസിന്റെ മൂല്യം നൽകുന്നതോടൊപ്പം വരുമാന സുരക്ഷകൂടി ഇതുറപ്പാക്കുന്നു. മാസ ശമ്പളക്കാരെ ലക്ഷ്യമിട്ടാണ് പുതിയ പോളിസി അവതരിപ്പിച്ചിരിക്കുന്നത്.

ഉയർന്നു വരുന്ന ചെലവുകൾ മാസ ശമ്പളക്കാർക്ക് വലിയ വെല്ലുവിളിയാകുമ്പോൾ അവരുടെ ഭാവി സാമ്പത്തിക ആവശ്യങ്ങൾ മുന്നിൽ കണ്ടാണ് ഈ പ്ലാൻതയാറാക്കിയിരിക്കുന്നതെന്ന് പിബി ഫിൻടെക്ക് ജോയിന്റ് ഗ്രൂപ്പ് സിഇഒ സർബവീർ സിങ് പറഞ്ഞു. അബ്സ്ലി ഇൻകം സുരക്ഷാ പ്ലാൻ രണ്ടു വിധത്തിൽ ലഭ്യമാണ്. ഒന്ന് ഫിക്സ്ഡ് ഇൻകം പ്രൊട്ടക്ഷൻ. ഇതു പ്രകാരം പോളിസി ഉടമയുടെ കാലശേഷം നോമിനിക്ക് നിശ്ചിത തുക പ്രതിമാസം ലഭ്യമാക്കുന്നു. രണ്ടാമത്തേത് ഇൻക്രീസിങ് ഇൻകം പ്രൊട്ടക്ഷനാണ്. ഇതു പ്രകാരം നോമിനിക്ക് പ്രതിമാസം വിലക്കയറ്റ നിരക്ക് കൂടി പരിഗണിച്ചുള്ള ഉയർന്ന തുക ലഭ്യമാക്കുന്നു. ഈ വരുമാനം ഓരോ വർഷവും വർധിക്കുമെന്ന സവിശേഷത കൂടിയുണ്ട്.

## അസോർട്ട് ഫാൾ ഫെസ്റ്റീവ് കളക്ഷൻ 24 പുറത്തിറക്കി

**കൊച്ചി / മുംബൈ:** റിലയൻസ് റീട്ടെയിലിനു കീഴിലുള്ള പ്രീമിയം ഫാഷൻ, ലൈഫ്സ്റ്റൈൽ ബ്രാൻഡായ അസോർട്ട്, ലണ്ടന്റെ മനോഹരമായ പശ്ചാത്തലത്തിൽ ഒരുക്കിയ പുതിയ വസ്ത്ര ശേഖരം പ്രദർശിപ്പിച്ചുകൊണ്ട് ഫാൾ ഫെസ്റ്റീവ് കാംപയിൻ ആരംഭിച്ചു. രാജ്യത്ത് 12 പുതിയ സ്റ്റോറുകളും ഈ മാസം തുറന്നു. ഈ വിപുലീകരണം ബ്രാൻഡിന്റെ ഓഫ്‌ലൈൻ സാന്നിധ്യം ശക്തിപ്പെടുത്തുന്നതിലും നിലവിലുള്ളതും പുതിയതുമായ നഗരങ്ങളിൽ കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിച്ചേരുന്നതിലെ സുപ്രധാന ചുവടുവെപ്പാണെന്ന് റിലയൻസ് അധികൃതർ അറിയിച്ചു.

## കെപിഐടി ടെക്നോളജീസിന്റെ അറ്റാദായം 203.7 കോടി രൂപ

**കൊച്ചി:** സോഫ്റ്റ് വെയർ അധിഷ്ഠിത വാഹനങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള ഓട്ടോമോട്ടീവ്, മൊബിലിറ്റി രംഗത്തെ സ്വതന്ത്ര സംയോജിത സോഫ്റ്റ്വെയർ പങ്കാളിയായ കെപിഐടി ടെക്നോളജീസ് നടപ്പു സാമ്പത്തികവർഷം രണ്ടാം പാദത്തിൽ 203.7 കോടി രൂപയുടെ അറ്റാദായം നേടി. അറ്റാദായത്തിൽ 44.7 ശതമാനമാണ് വർധന. വരുമാനം 20.1 ശതമാനം ഉയർന്ന് 17.3 കോടി രൂപയിലെത്തി. തുടർച്ചയായി 17ാം പാദത്തിലും കമ്പനി വളർച്ച കൈവരിച്ചു.

സാങ്കേതികവിദ്യയിലും വിപണിയിലും നിക്ഷേപങ്ങൾക്ക് തങ്ങൾ മുൻഗണന നൽകുന്നത് തുടരുന്നു. അതിൻറെ അടിസ്ഥാനത്തിൽ മുഴുവൻ വർഷവും തങ്ങളുടെ വരുമാന വളർച്ചയും ലാഭക്ഷമതയും ഉയർന്നു. സാങ്കേതികവിദ്യയിലടക്കം നിക്ഷേപങ്ങൾ നടത്തുന്നതിന് മുൻഗണന തുടരുമെന്നും കെപിഐടി സഹസ്ഥാപകനും സിഇഒയും എംഡിയുമായ കിഷോർ പാട്ടീൽ പറഞ്ഞു.തങ്ങൾ ട്രക്കുകളിലെയും ഓഫ്ഹൈവേ സബ് വെർട്ടിക്കലുകളിലെയും നിക്ഷേപങ്ങൾ വിപുലീകരിക്കുന്നതിനുള്ള പാതയിലാണെന്ന് കെപിഐടി പ്രസിഡൻറും ജോയിൻറ് എംഡിയുമായ സച്ചിൻ ടിക്കേർ പറഞ്ഞു.




# കൊച്ചി ജെയിൻ യൂണിവേഴ്സിറ്റിയും പഴശ്ശിരാജ കോളേജും ധാരണാപത്രം ഒപ്പുവച്ചു

**കൊച്ചി:** സിനെർജിയഅെക്കാദമിക് എക്സ്ചേഞ്ച് പ്രോഗ്രാമിനായി കൊച്ചി ജെയിൻ യൂണിവേഴ്സിറ്റിയും പുൽപ്പള്ളി പഴശ്ശിരാജ കോളേജ് മാധ്യമപഠന വിഭാഗവും ധാരണാപത്രം ഒപ്പുവെച്ചു. വിദ്യാർത്ഥികളും അധ്യാപകരും തമ്മിലുള്ള സഹകരണവും അറിവ് പങ്കിടലും പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയുള്ള വിഭാവനം ചെയ്ത പ്രോഗ്രാമാണ് സിനെർജിയ.പഴശ്ശിരാജ കോളേജിൽ നടന്ന ചടങ്ങിൽ കൊച്ചി ജെയിൻ യൂണിവേഴ്സിറ്റി ജേണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ വിഭാഗം മേധാവി ഡോ. നിമ്മി മരിയ ജോസഫ്, പഴശ്ശിരാജ കോളേജ് പ്രിൻസിപ്പൽ അബ്ദുൾ ബാരി കെ കെ, പഴശ്ശിരാജ കോളേജ് ഐക്യുഎസി കോർഡിനേറ്റർ ഡോ. ജോഷി മാത്യു, എംഎ ജേണലിസം ആൻഡ് മാസ് കമ്യൂണിക്കേഷൻ വിഭാഗം മേധാവി ഡോ. ജോബിൻ ജോയ് തുടങ്ങിയവർ പങ്കെടുത്തു.ധാരണാപത്രം ഒപ്പിട്ടതിനെത്തുടർന്ന് വിദ്യാർത്ഥികൾക്കായി മാധ്യമ ഗവേഷണം, മാധ്യമങ്ങളിലെ ട്രെൻഡുകളും നവീകരണങ്ങളും, ഇമ്മേഴ്സീവ് ജേണലിസം, ഡിജിറ്റൽ ജേണലിസം തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് ക്ലാസ് സംഘടിപ്പിച്ചു. ജെയിൻ യൂണിവേഴ്സിറ്റി ജേണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ വിഭാഗം മേധാവി ഡോ. നിമ്മി മരിയ ജോസഫ്, പഴശ്ശിരാജ കോളേജ് സെൽഫ് ഫിനാൻസിങ് ഡയറക്ടർ താര ഫിലിപ്പ്, ജെയിൻ യൂണിവേഴ്സിറ്റി അസി. പ്രൊഫ. മുഹമ്മദ് ഹാഫിലുദ്ധീൻ ,പഴശ്ശിരാജ കോളേജ് അസി.പ്രൊഫ. ക്രിസ്റ്റീന ജോസഫ്, മാധ്യമ വിഭാഗം അസോസിയേഷൻ സെക്രട്ടറി ധിരന വി.എസ്, ഷോബിൻ മാത്യു, ലിൻസി ജോസഫ് എന്നിവർ സംസാരിച്ചു.

# എയർ ഇന്ത്യ എക്സ്പ്രസിൽ ഫ്ളാഷ് സെയിൽ

**കൊച്ചി:** ഈ അവധിക്കാലത്ത് 1606 രൂപ മുതൽ ആരംഭിക്കുന്ന വിമാന നിരക്കുകളിൽ നാട്ടിലേക്ക് പറക്കാൻ അവസരവുമായി എയർ ഇന്ത്യ എക്സ്പ്രസിൽ ഫ്ളാഷ് സെയിൽ ആരംഭിച്ചു. നവംബർ ഒന്ന് മുതൽ ഡിസംബർ 10 വരെയുള്ള യാത്രകൾക്കായി ഒക്ടോബർ 27 നകം ബുക്ക് ചെയ്യുന്ന ടിക്കറ്റുകളാണ് 1606 രൂപ മുതലുള്ള നിരക്കിൽ ലഭിക്കുക. ബുക്ക് ചെയ്യുന്നവർക്ക് 1456 രൂപ മുതലുള്ള എക്സ്പ്രസ് ലൈറ്റ് നിരക്കിലും ടിക്കറ്റുകൾ ലഭിക്കും.മലയാളികൾ ഏറ്റവുമധികം ആശ്രയിക്കുന്ന കൊച്ചി ബാംഗ്ലൂർ, ചെന്നൈ ബാംഗ്ലൂർ റൂട്ടുകളിലും ഗുവാഹത്തി അഗർത്തല, വിജയവാഡ ഹൈദരാബാദ് തുടങ്ങി നിരവധി റൂട്ടുകളിലും ഈ നിരക്കിൽ ടിക്കറ്റുകൾ ലഭിക്കും.വെബ്സൈറ്റിലൂടെ ബുക്ക് ചെയ്ത് ചെക്ക് ഇൻ ബാഗേജ് ഇല്ലാതെ എക്സ്പ്രസ് ലൈറ്റ് നിരക്കുകളിൽ യാത്ര ചെയ്യുന്നവർക്ക് 3 കിലോ അധിക ക്യാബിൻ ബാഗേജ് നേരത്തെ ബുക്ക് ചെയ്താൽ സൗജന്യമായി ലഭിക്കും. കൂടുതൽ ലഗേജ് ഉള്ളവർക്ക് ആഭ്യന്തര വിമാനങ്ങളിൽ 15 കിലോ ചെക്ക് ഇൻ ബാഗേജിന് 1000 രൂപയും അന്താരാഷ്ട്ര വിമാനങ്ങളിൽ 20 കിലോയ്ക്ക് 1300 രൂപയും മാത്രമാണ് ഈടാക്കുക.എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റിലെ ലോയൽറ്റി അംഗങ്ങൾക്ക് 58 ഇഞ്ച് വരെ സീറ്റുകൾ തമ്മിൽ അകലമുള്ള ബിസിനസ് ക്ലാസിന് തത്തുല്യമായ എക്സ്പ്രസ് ബിസ് വിഭാഗത്തിലേക്ക് 50 ശതമാനം കിഴിവിൽ ടിക്കറ്റ് എടുക്കാം. 35 പുതിയ ബോയിംഗ് 7378 വിമാനങ്ങളിലും 4 മുതൽ 8 വരെ എക്സ്പ്രസ് ബിസ് ക്ലാസ് സീറ്റുകൾ ലഭ്യമാണ്. വിപുലീകരണത്തിന്റെ ഭാഗമായി ആഴ്ച തോറും ഒരോ പുതിയ വിമാനം വീതം എയർ ഇന്ത്യ എക്സ്പ്രസ് ഫ്ലീറ്റിലേക്ക് ഉൾപ്പെടുത്തുന്നുണ്ട്.ലോയൽറ്റി അംഗങ്ങൾക്ക് 25 ശതമാനം കിഴിവിൽ ഗോർമേർ ഭക്ഷണം, സീറ്റുകൾ, മുൻഗണന സേവനങ്ങൾ എന്നിവയും ലഭിക്കും. വിദ്യാർഥികൾ, മുതിർന്ന പൗരർ, ഡോക്ടർ, നഴ്സ്, സായുധ സേനാംഗങ്ങൾ, അവരുടെ ആശ്രിതർ എന്നിവർക്കും വെബ്സൈറ്റിലൂടെ പ്രത്യേക കിഴിവിൽ ടിക്കറ്റ് ബുക്ക് ചെയ്യാം.

# ഇസുസു മോട്ടോഴ്സ് ഇന്ത്യ കേരളത്തിൽ സാന്നിധ്യം ശക്തമാക്കുന്നു

**കൊച്ചി:** കേരളത്തിലെ ഉപഭോക്താക്കൾക്കു ബ്രാൻഡ് ടച്ച് പോയിൻറുകൾ മെച്ചപ്പെടുത്തുന്നതിനും നെറ്റ് വർക്കു ശക്തിപ്പെടുത്തുന്നതിനുമായി ഇസുസു മോട്ടോഴ്സ് ഇന്ത്യ കേരളത്തിലെ സാന്നിധ്യം ശക്തമാക്കുന്നു. കൊച്ചിയിലും കോഴിക്കോട്ടും പുതിയ നെറ്റ്വർക്ക് സെൻ്ററുകൾ തുറന്നുകൊണ്ട് പുതിയ വിപണന പദ്ധതിക്ക് കമ്പനി തുടക്കം കുറിച്ചു.

കൊച്ചിയിൽ ഇടപ്പള്ളി എൻ എ ച്ച് 17 ൽ ലുലുമാളിന് എതിർവശത്ത് മണികണ്ഠൻ മോട്ടോഴ്സും കോഴിക്കോട് മീഞ്ചന്ത വട്ടക്കിണറിൽ ഇ വി എം ഗ്രൂപ്പും ഇതിനായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇസുസു വാഹന ഷോറൂമുകൾ തുറന്നു. കൊച്ചി ഷോറൂമിൻറെ ഉദ്ഘാടനം ഇസുസു മോട്ടോഴ്സ് ഇന്ത്യ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ടോറു കിഷിമോട്ടോയും മണികണ്ഠൻ മോട്ടോഴ് സ് എം ഡി എസ് രാഘവേന്ദ്രയും ചേർന്ന് നിർവഹിച്ചു. എറണാകുളം ജില്ലാ ആർടിഒ ടി എം ജോർസനും ചടങ്ങിൽ സന്നിഹിതരായിരുന്നു. വ്യക്തിഗത യൂട്ടിലിറ്റി വാഹനങ്ങളുടെ ശ്രേണിയിൽ ജീവിത ശൈലിയും സാഹസികതയും പ്രോത്സാഹിപ്പിക്കുന്ന സമകാലീന ഘടകങ്ങളുടെ പുതിയ സൗകര്യങ്ങൾ പ്രകടമാണെന്നും രാജ്യത്തുടനീളം ബ്രാൻഡിൻറെ സാന്നിധ്യം ശക്തിപ്പെടുത്തുന്നതിൻറെ ഭാഗമായുമാണ് കേരളത്തിലും പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതെന്നും ടോറു കിഷി മോട്ടോ പറഞ്ഞു.

ജപ്പാനിലെ ജനപ്രിയ ബ്രാൻറായ ഇസുസു മോട്ടോഴ്സ് ലിമിറ്റഡിൻറെ അനുബന്ധ സ്ഥാപനമായ ഇസുസു മോട്ടോഴ്സ് ഇന്ത്യ 2012 ഓഗസ്റ്റ് മുതലാണ് ഇന്ത്യയിൽ പ്രവർത്തനം ആരംഭിച്ചത്. ചെന്നൈ കേന്ദ്രമായി പ്രവർത്തിക്കുന്ന കമ്പനിയുടെ ഉലപന്നങ്ങൾ നിർമ്മിക്കുന്നത് ആന്ധ്രപ്രദേശിലെ 107 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന ശ്രീ സിറ്റിയിലെ അത്യാധുനിക പ്ലാൻറിലാണ്.

രാജ്യത്തെ ആദ്യ ലൈഫ് സ്റ്റൈൽ, അഡ്വെഞ്ചർ പിക്ക് അപ്പ് വാഹനമായ ഇസുസു ഡി മാക്സ് വി ക്രോസ്, ആൾറൗണ്ടർ പിക്ക് ആപ്പ് ഹൈ ലാൻഡർ, വ്യക്തിഗത വാഹന വിഭാത്തിൽ പ്രീമിയം 7 സീറ്റർ എസ് യു വി എംയു എക്സ്, വാണിജ്യ വിഭാഗത്തിൽ ഡി മാക്സ് പിക്ക് അപ്പുകൾ തുടങ്ങിയ വാഹന പ്രേമികളുടെ നിരവധി ഇഷ്ട വാഹനങ്ങൾ ഇസുസു ഉൽപന്ന നിരയിലുണ്ട്.

# ഉപഭോക്തൃ സംഗമം സംഘടിപ്പിച്ചു

**കൊച്ചി:** പ്രമുഖ എച്ച് ആർഎംഎസ് സോഫ്റ്റ്വെയർ ഗ്രേറ്റ് എച്ച്ആർ കൊച്ചിയിൽ വച്ച് പ്രത്യേക ഉപഭോക്തൃ സംഗമം സംഘടിപ്പിച്ചു. ദീർഘകാലമായി ഗ്രേറ്റ് എച്ച്ആർ ഉപയോഗിച്ച് പോരുന്ന ഉപഭോക്താക്കളുമായി ക്രിയാത്മകമായ ചർച്ചകൾ സംഘടിപ്പിക്കുക, സോഫ്റ്റ്വെയറിൽ കൊണ്ടുവന്നിട്ടുള്ള നൂതന സംവിധാനങ്ങൾ പരിചയപ്പെടുത്തുക, അതിലുപരിയായി ഉപഭോക്താക്കളുടെ അഭിപ്രായ നിർദ്ദേശങ്ങൾ സ്വരൂപിക്കുക എന്നിവയായിരുന്നു മീറ്റിങ്ങിന്റെ ലക്ഷ്യം

